രണ്ടു

# പൌരാണിക കഥകൾ.

—:o:—

(സ്കാന്ദമഹാപുരാണത്തിൽ നിന്നും എടുത്തതു്.)

---

ഗ്രന്ഥകൎത്താ

**ഒടുവിൽ ശങ്കരൻകുട്ടിമേനോൻ.**

---

പ്രകാശകൻ

തോമസ് പോൾ ബി. ഏ.,
വിദ്യാവിലാസം പ്രസിദ്ധീകരണശാല,
തിരുവനന്തപുരം.

—o—

പകൎപ്പവകാശം ഗ്രന്ഥകൎത്താവിന്നു്.

---

"ശ്രീധര മുദ്രാലയം,"
തിരുവനന്തപുരം.

1098.

P. Gopalan Nair III B.
St. Joseph's H.S.S. School Trivandrum
1550
E 270A
E 270A

1557

# അവതാരിക.

ഈ ചെറുപുസ്തകത്തെ അവതരിപ്പിക്കുവാൻ ഒരു അവതാരികയുടെ ആവശ്യംഇല്ലെങ്കിലും ഇതിൽ അടങ്ങിട്ടുള്ള രണ്ടു കഥകൾ സ്കാന്ദമഹാപുരാണത്തിൽ അന്തർഭൂതങ്ങളായിരിക്കുന്നതിനാലും, അതിൽ ഒരുകഥ അദ്ധ്യേതാക്കൾക്ക് ഉപയോഗമായിരിക്കുന്നതിനാലും ആ കഥയുടെ മുമ്പും, പിമ്പുംഅറിയാതെ അദ്ധ്യയനംചെയ്യുന്നതായാൽ പാഠം സുകരമല്ലാത്തതിനാലുമാണ് ഇതിന്നു ഒരു അവതാരിക എഴുതാമെന്നു തീർച്ചപ്പെടുത്തിയതു്. "ശ്രീപരീക്ഷിത്ത്" എന്നു പേരോടുകൂടി ആദ്യമായി ചേർത്തിട്ടുള്ള കഥ രണ്ടാമത്തെ ഖണ്ഡമായ വൈഷ്ണവഖണ്ഡത്തിൽ 'വെങ്കടാചല മാഹാത്മ്യ'ത്തിലും സൽപ്പുത്രൻ എന്നു പേരോടുകൂടി രണ്ടാമതായി ചേർത്തകഥ ഒന്നാമത്തെ ഖണ്ഡമായ 'മഹേശ്വര' ഖണ്ഡത്തിൽ ഉപഖണ്ഡമായ കൌമാരികാഖണ്ഡത്തിലും അന്തർഭവിച്ചതാകുന്നു. രണ്ടാമത്തെ കഥയെപ്പററിയാണ് ഇവിടെ വിവരിക്കുവാൻ പോകുന്നതു്.

ശ്രീകൃഷ്ണഭക്തന്മാരും സത്യസന്ധന്മാരുമായ പാണ്ഡവന്മാർ പാഞ്ചാലീസ്വയംവരത്തിന്നു ശേഷം ധൃതരാഷ്ട്രർ മഹാരാജാവിൻെറ കല്പനപ്രകാരം ഇന്ദ്രപ്രസ്ഥത്തിൽ ചെന്നു താമസമുറപ്പിച്ചു. അക്കാലത്തു് ഒരു യാദൃച്ഛിക സംഭവംഹേതുവായിട്ട് അർജ്ജുനന്നു് തീർത്ഥയാത്രചെയ്യേണ്ടതായിവന്നു. അർജ്ജുനൻ ഗുരുജനങ്ങളുടെ അനുമതിയോടുകൂടി തീർത്ഥയാത്രയ്ക്കായി പുറപ്പെട്ടു് ഓരോസ്ഥലങ്ങളിൽ സഞ്ചരിക്കുമ്പോൾ ദക്ഷിണാർണ്ണവതീരത്തിങ്കൽ വച്ചു നാരദമഹർഷിയെക്കാണുവാനിടയായി. സൽക്കഥാശ്രവണത്തിൽ ഉത്സുകനായ അർജ്ജുനൻ ചോദിക്കയാൽ

നാരദൻ അന്നു പറഞ്ഞുകൊടുത്ത കഥകളിൽ ഒന്നാകുന്നു ഈ കഥ. നാരദമഹർഷി ബ്രഹ്മലോകത്തിൽ ചെന്ന സമയം ദാനമാഹാത്മ്യത്തെപ്പററി അവിടെയുള്ള മഹാന്മാർ പ്രശംസിക്കുന്നതുകേട്ട് സർവ്വോത്തമമായ ദാനം ചെയ്വാൻ നിർദ്ധനനായ തനിക്ക് ശക്തിയില്ലല്ലോ എന്നുള്ള ചിന്തയോടുകൂടി ബ്രഹ്മലോകത്തിൽ നിന്നു് ഭൂമിയിൽവന്ന് പുണ്യതീർത്ഥമായ മഹീനദിയിൽ സ്നാനം ചെയ്തു് അതിൻെറ തീരഭാഗത്തിൽ ചിന്താചഞ്ചലമാനസനായി ഇരിക്കുകയായിരുന്നു. അവിടെ ചില താപസന്മാർ തീർത്ഥസ്നാനം ചെയ്വാനായി അപ്പോൾ വരുന്നതുകണ്ടു. അവരോടു ഓരോ വർത്തമാനങ്ങൾ ചോദിച്ചപ്പോൾ, സൌരാഷ്ട്രരാജാവിന്നു് ഒരു ശ്ലോകത്തിൻെറ അർത്ഥത്തിൽ സംശയം വന്നിരിക്കുന്നുവെന്നും, ആ സംശയം തീർത്തുകൊടുക്കുന്നവക്ക് മഹീനദീതീരമായ ഈ പുണ്യപ്രദേശത്തേയും, അനേകം പശുക്കളേയും, ധനധാന്യങ്ങളേയും എഴുപതു ഭാരം സ്വർണ്ണത്തേയും സമ്മാനമായി കൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നുവെന്നും അവർ പറഞ്ഞുകേൾപ്പാനിടയായി. ദാനം ചെയ്വാനുള്ള സമ്പത്തു് ഇതുകൊണ്ടു സമ്പാദിക്കാമെന്നു കരുതി നാരദൻ സൌരാഷ്ട്രരാജ്യത്തിൽ ചെന്നു് ശ്ലോകാർത്ഥത്തെ സവിസ്തരം വ്യാഖ്യാനിച്ചു് മഹാരാജാവിനെക്കേൾപ്പിച്ചു തൃപ്തനാക്കി സമ്മാനങ്ങളും വാങ്ങി സന്തുഷ്ടനായി തിരിച്ചുപോന്നു. തനിക്കു സമ്മാനമായി കിട്ടിയ സമ്പത്തും മഹീതീരപ്രദേശവും, ദാനം ചെയ്വാൻ, യോഗ്യന്മാരായ ബ്രാഹ്മണർ എവിടെയാണെന്നന്വേഷിച്ചു് ഭൂലോകം മുഴുവനും സഞ്ചരിച്ചു. യോഗ്യന്മാരായ ബ്രാഹ്മണരേ ഒരിടത്തും കാണായ്കയാൽ ചിന്താപരവശനായി കലാപഗ്രാമത്തിൽ ചെല്ലുവാനിടയായി. അവിടേയും തപോദ്ധ്യാനപരന്മാരായ അനേകം ബ്രാഹ്മണർ ഇരിക്കുന്നുണ്ടു്, യോഗ്യതയെപ്പരീക്ഷിപ്പാൻ

താൻ എല്ലാടത്തും പതിവായി ചോദിക്കുന്ന ചോദ്യങ്ങൾ കലാപഗ്രാമവാസികളായ ബ്രാഹ്മണരോടും ക്രമമായി ചോദിച്ചു. നാരദന്റെ പ്രശ്നങ്ങൾ അവിടെയുള്ള പ്രമാണികൾക്ക് നിസ്സാരങ്ങളായിത്തോന്നിയതിനാൽ അവരാരും ഉത്തരം പറയുവാൻ തയ്യാറായില്ല. ഉദ്ദേശം നാലു വയസ്സുപ്രായമുള്ള ഒരു ബ്രാഹ്മണക്കുട്ടിയോട് ഈ ചോദ്യങ്ങൾ ചോദിച്ചാൽ ഉത്തരം പറയുമെന്ന് അവർ പറഞ്ഞതനുസരിച്ചു നാരദൻ കുട്ടിയോടു ചോദിക്കയും, ചോദ്യങ്ങൾക്കെല്ലാം ശരിയായ സമാധാനം ആ കുട്ടി പറയുകയും ചെയ്തു നാരദൻ, ഇവിടെയുള്ള ബ്രാഹ്മണർ ദാനം വാങ്ങിക്കുവാൻ യോഗ്യന്മാരാണെന്ന് കരുതി മഹീനദീതീരത്തിലേക്ക് വരുവാനായി അവരെക്ഷണിച്ചു. അവരിൽ പ്രമാണികളായ ചിലരെല്ലാം അതിനെ നിഷേധിച്ചുവെങ്കിലും, ഹാരിതൻ എന്നു പേരായ ഒരു ബ്രാഹ്മണശ്രേഷ്ഠനും അദ്ദേഹത്തിന്റെ അനുയായികളായി ഇരുപത്താറായിരം ബ്രാഹ്മണരും നാരദന്റെ ക്ഷണനമനുസരിച്ചു മഹീനദീതീരത്തിലേക്ക് പോരുവാൻ തീർച്ചയാക്കി. ഇതുമുതൽക്കാകുന്നു നാരദാർജ്ജുനസംവാദമായ ഈ കഥ തുടങ്ങുന്നത്. നാരദൻ കലാപഗ്രാമത്തിൽ നിന്ന് ബ്രാഹ്മണരെയും കൂട്ടി മഹീനദീതീരത്തിൽ വന്നതും അവിടെ വച്ച് ബ്രാഹ്മണരെക്കാൽ കഴുകിക്കുവാൻ തുടങ്ങിയപ്പൊൾ ഇടങ്കാൽ നീട്ടിക്കൊടുത്ത ഹാരിതനെ നാരദൻ ശപിക്കുന്നതും, ശപിച്ചതു നന്നായില്ലെന്ന് ഹാരിതൻ ഉൽഘോഷിക്കുന്നതും, ക്ഷിപ്രകോപിയായി താൻ ശപിച്ചതു വിചാരശൂന്യമായിപ്പോയി എന്നു കരുതി നാരദൻ പശ്ചാത്തപിക്കുന്നതും, തന്റെ വിചാരശൂന്യതയെ ക്ഷമിക്കേണമെന്ന് ഹാരിതനോടു അപേക്ഷിക്കുന്നതും ആലോചനക്കൂടാതെ ശപിച്ചതു നന്നായില്ലെന്ന് കാണിപ്പാൻ ഉദാഹ

ണമായി ഒരു കഥ പറഞ്ഞു കൊടുക്കുന്നതും, അതിൻ്റശേഷം ബ്രാഹ്മണനേ കാൽ കഴുകിച്ച് തനിക്കു കിട്ടിയ സമ്പത്തുകൾ അവക്കു ദാനംചെയ്യുന്നതും, നാരദൻെറ ഈ സൽപ്പാത്രദാനത്തെ പ്രശംസിക്കുവാൻ ഇന്ദ്രാദിദേവകൾ അവിടെ വരുന്നതും മററുമാകുന്നു ഈ കഥയിൽ അടങ്ങീട്ടുള്ളതു്.

സദ്വൃത്തനായ ഒരു പുത്രൻ തൻെറ മാതാപിതാക്കന്മാരോട്ട് അനുവത്തിക്കേണ്ടതായ ക്രമത്തെ നാരദൻ ഉദാഹരിച്ച് 'ചിരകാരി' ബ്രാഹ്മണൻെറ കഥയിൽ നിന്നും വെളിവാകുന്നുണ്ടു്. പുരാണ പ്രസിദ്ധങ്ങളായ മിക്ക കഥകളും സാരഗർഭങ്ങളായിട്ടാണ് കാണുന്നതു്. ഈ കഥയിലുള്ള സദാചാരവാക്യങ്ങൾ വായിച്ചറിയാവുന്നതാകകൊണ്ടു് ഇവിടെ പ്രത്യേകം എടുത്തുകാണിക്കുന്നില്ല. മാത്രം സൽപ്പുത്രനായ ചിരകാരി ബ്രാഹ്മണനെപ്പോലെ തന്നെ ദീഘാലോചനയും, വിവേകവും, മാതൃപിതൃഭക്തിയും മററു എല്ലാഗുണങ്ങളും ഈ കഥ അദ്ധ്യയനം ചെയ്യുന്ന അദ്ധ്യേതാക്കൾക്കും ഉണ്ടാകുമാറാകട്ടെ എന്നുമാത്രം തൽക്കാലം മംഗളാശംസാരൂപമായി പറഞ്ഞു് ഇതിനെ ഉപസംഹരിക്കുന്നു.

എന്നു്,

ഗ്രന്ഥകത്താ.

1556
E 27…
SRI KRISHNAVILASAM READING ROOM * MALAYINKEEL *

# പരീക്ഷിത്ത്

(കണ്ണ്പവം മട്ട്)

മനഃശ്ശുദ്ധിയോടുമജസ്രം നൈമിശ-
വനത്തിൽ വാഴുന്ന മുനികളേകദാ
പുരാണങ്ങളോരോന്നുപദേശിച്ചുകൊ-
ണ്ടിരിക്കും സൂതനേ വണങ്ങിച്ചോദിച്ചാർ. ൧

"മഹത്താം പാതകമനുഷ്ഠിച്ചതെന്തു?
മഹർഷികശ്യപൻ, മഹാമതേ! സൂത!
സവിസ്തരമതുകഥിക്ക, നിന്മൊഴി-
യിവർക്കു കേൾക്കിലോ മതിയാകയില്ല." ൨

മുനിപ്രവരന്മാരിവണ്ണം ചോദിച്ച-
തനഘനാം സൂതൻ ശ്രവിച്ചു ചൊല്ലിനാൻ:—
"പരീക്ഷിത്തെന്നോതും മഹാരാജാവിന്റെ
ചരിതവും, വിപ്രകുലേന്ദ്രൻ കശ്യപൻ. ൩

ദുരിതംചെയ്തതു, മതുശമിച്ചതും
പറയാം കേൾക്കുവിൻ മുനിവരന്മാരെ!
സുഭദ്രയിൽ പാർത്ഥനളവായിവന്നോ-
രഭിമന്യുവാകും മഹാവീരൻതന്റെ ൪

തനയനുത്തരാ വധൂടി ഗർഭത്തിൽ
ജനിച്ചവനല്ലോ പരീക്ഷിത്താം ഭൂപൻ,
ധരിക്കുവിൻ പാണ്ഡുസുതന്മാർക്കു ശേഷം
പരീക്ഷിത്താം രാജാവവനി രക്ഷിച്ചാൻ. ൫

അരാതിബാധയുമധൎമ്മവുമെങ്ങും
വരാതെ വിഷ്ണുവിൻ പദാശ്രിതനായി
മുറയ്ക്കുരാജ്യത്തെ ഭരിച്ചു ഹസ്തിന-
പുരത്തിലിന്ദ്രന്നു സമനായിവാണാൻ.

ഒരിക്കൽനായാട്ടിന്നടവിയിൽ പുക്കു-
ചരിച്ചിതു നൃപൻ ഭടരൊടും കൂടെ
മൃഗങ്ങളുള്ളേടം തിരഞ്ഞുമമ്പെയ്തും
സകൗതുകം കാട്ടിൽ വിഹരിച്ചാൻ തദാ.

വലിയൊരു മൃഗമണഞ്ഞതുനേരം-
മിളാധവനമ്പൊന്നയച്ചിതുവേഗം
അതുകൊണ്ടന്നേരം മൃഗവുമാൎത്തിപൂ-
ണ്ടതിവേഗത്തോടും കുതിച്ചു മണ്ടുമ്പോൾ

ക്ഷിതീന്ദ്രനായതിൻ പിറകെയോടിനാ-
നദൃശ്യനായ് മൃഗം വഴിപിഴയ്ക്കയാൽ.
സമാധിയിൽവാഴുമൊരു മുനീന്ദ്രനാ-
സ്സമയം മാൎഗ്ഗത്തിലിരിപ്പതായ് കണ്ടു.

സഗൗരവം ഭൂപൻ "ശരംകൊണ്ടാൎത്തനാം
മൃഗമിതേവഴി ഗമിച്ചിതോ മുനേ!
കഥിക്കെ"ന്നു ചോദിച്ചുളവു മൗനിയാം
യതീന്ദ്രനുത്തരം പറഞ്ഞതില്ലൊന്നും.

"അരചനാമെന്റെ വചനംധിക്കരി-
ച്ചിരിക്കുമീയിവനൊരു കള്ളൻതന്നെ."
കുപിതനായേവം നിനച്ചു മന്നവൻ
തപസ്വിതന്നുടെ ഗളതലത്തിങ്കൽ,

അട്ടക്കലായ് ചത്തുകിടക്കും പാമ്പിനെ
ഝടിതിബാണത്താലെടുത്തിട്ടുപോയാൻ.
അഹങ്കാരംകൊണ്ടു മദാന്ധരായവ-
രഹോനടത്തുമിക്കട്ടത്ത കർമ്മത്തെ. 12

അശോഭനങ്ങളായെഴുന്നാവൃത്തിക-
ളശേഷവും തന്റെ ധരണിയിൽപോലും
വരാതെനിത്യവും ജനങ്ങളെശ്ശാസി-
ച്ചതുള്ളും മന്നവൻ നടത്തിയതോർത്താൽ; 13

വരാനിരിക്കുന്ന വലുതാമാപത്തി-
ന്നൊരുനിമിത്തമെന്നതേ പറയാവൂ.
നൃപൻരാജധാനിക്കെഴുന്നള്ളിയപ്പോൾ
തപസ്വി തന്നുടെ തനയനാം ശൃംഗി- 14

കൃശാഖ്യനാം തന്റെ സഖാവൊടുമൊന്നി-
ച്ചശങ്കമച്ഛന്റെ സവിധത്തിൽച്ചെന്നു.
സമാധിയിൽവാഴും മുനീശ്വരൻതന്റെ
ചുമലിലുള്ളതാമഹികളേബരം, 15

കൃശൻ ശൃംഗിയെ വിളിച്ചുകാണിച്ചു,-
നശോഭനമതു സമീക്ഷിച്ചനന്തരം
മുനീന്ദ്രബാലകൻ കുപിതനാ"യെന്റെ
ജനകനോടേവ മവജ്ഞചെയ്തവൻ 16

മരിക്കുമേഴുനാളവസാനിക്കും മു-
മ്പുരഗനായകൻ കടിച്ചു നിർണ്ണയം"
ഇതി കുപിതനായ് ശപിച്ചു നിൽക്കുന്ന
സുതനോടു മന്ദം പറഞ്ഞു മാമുനി. 17

"വളരെ സ്സാഹസം ശപിച്ചതുണ്ണി! നീ
കളക നിന്ദ്യമായിരിക്കുമിക്കോപം.
വരുന്നു കോപത്താൽ പലതുമാപത്തു,
ധരിക്ക ശാന്തിയാൽ സുഖവുമുണ്ടാകും.

നൃപേന്ദ്രൻ നായാട്ടിൽ ഭ്രമിച്ചറിയാതെ
കുപിതനായേവ മപരാധം ചെയ്താൻ
ശമപ്രധാനന്മാർ മുനികൾ, നാമതു
ക്ഷമിച്ചിടാതേവം ശപിച്ചിടാവതോ ?

അരാജകമായി ബ്ഭവിക്കുമാറുനീ-
യുരചെയ്തവാക്കു കഠോരമെത്രയും.
പല വിചാരങ്ങൾക്കടിമപ്പെട്ടെന്നും
വലഞ്ഞീടുന്നവരറിക രാജാക്കൾ

ഉലകുരക്ഷിപ്പാൻ ശ്രമപ്പെടും നേരം
പലതും തെററുകളകപ്പെട്ടു പോകാം.
സ്ഥിരപ്രജ്ഞന്മാരാം തപസ്വികളതു
പൊറുത്തു മംഗളം നൃപനു മേൽക്കുമേൽ

വരുത്തിടും വിധം തപസ്സുചെയ്തുകൊ-
ണ്ടിരിക്കയല്ലാതെ ശപിച്ചിടാവതോ ?
നികൃഷ്ടമാം ശാപ വചസ്സുമീരോഷ-
പ്രകൃതിയുമെൻെറ മകനു യോഗ്യമോ ?

വിപത്തുകൂടാതെ വനത്തിൽ നമ്മൾക്കു
തപസ്സു ചെയ്തുകൊണ്ടിരിക്കുവാൻ പോലും
തരമായീടുന്നതറിക, യോഗ്യനാ-
മരചൻെറ നല്ല ഭരണംകൊണ്ടുതാൻ.

അറുപതിൽപരം വയസ്സായെന്നാലും
മുറപോലുർവ്വിയെ ഭരിപ്പുമന്നവൻ
വെറും വിനോദാർത്ഥം നരേന്ദ്രൻ നായാട്ടി-
ന്നിറങ്ങിയിങ്ങനേ പുറപ്പെട്ടതല്ല. 24

വരുന്ന നമ്മുടെ സുഖസ്ഥിതികളെ-
ശ്ശരിക്കു കണ്ടറിഞ്ഞിട്ടുവാൻ കാനനെ.
വിധിപോലേ നാലാശ്രമസ്ഥിതന്മാൎക്കും
ചതുൎവ്വൎണ്ണങ്ങൾക്കുമരചനാശ്രയം 25

സുതന്മാരാകുന്ന പ്രജകളൊക്കെയും,
പിതാവുരാജാവെന്നുറച്ചുകൊള്ളണം,
ഒരുവിധത്തിലു മരചനുഹാനി
വരുമാറൊന്നുമേ പ്രവൎത്തിച്ചുകൂട. 26

അവനിയിലുള്ള സകല ജന്തുക്കൾ-
ക്കവലംബമായ മഹാരാജാവിനെ
സമസ്തദേവതാമയനെന്നുൾക്കാമ്പിൽ
സമസ്തരുമോൎത്തു ഭജിക്കേണം ഭക്ത്യാ. 27

ചെറുപ്പംകൊണ്ടൊന്നും, നിനയ്ക്കാതിങ്ങിനേ
പറഞ്ഞവാക്കുകളവിവേകംതന്നെ.
അടക്കവും, വീണ്ടുവിചാരവും, പാരം
മിടുക്കുമുത്തമശിശ്ശുവിൻ ലക്ഷണം. 28

മഹാന്മാരായുള്ള ജനങ്ങളെക്കണ്ടാൽ
ബഹുമാനിക്കേണം ഗുണവാനാം കുട്ടി.
കടുത്തവാക്കുകൾ കഥിക്കരുതൊട്ടും
മിടുക്കെനിക്കുണ്ടെന്നഹങ്കരിക്കൊലാ 29

ഒരുവൻവല്ലതുമുപദ്രവിക്കിലും
കരുതരുതതുനിമിത്തമായ് പക.
നൃപനോടുംതന്റെ ഗുരുജനത്തോടും
കുപിതനാകാതേ സദാപി ശാന്തനായ്

പരാക്ഷേപം ചെയ്യും ശിശുക്കളോടൊന്നി-
ച്ചൊരുസമയവും പെരുമാറീടാതെ
ദിനംതോറും ചെയ്തുവരുന്നകൃത്യങ്ങ-
ളനുഷ്ഠിച്ചീടേണം മുടക്കംകൂടാതെ 31

ഇഹലോകത്തിലും പരലോകത്തിലും
സഹായമാം ദൈവസ്മൃതിയുണ്ടാകേണം."
സമാധിയിൽനിന്നു മുണർന്നുമാമുനി
ശമീകനിങ്ങിനെതനയനെപ്പാർത്തു 32

പറഞ്ഞതിൻശേഷം സ്വകീയശിഷ്യനായ്
മരുവിടുംഗൌരമുഖനൊടുചൊന്നാൻ—
"സകോപാത്മജൻ ശപിച്ചവൃത്താന്തം
സകലവുംചെന്നു നൃപനൊടോതുനീ 33

ധരിപ്പിച്ചിങ്ങോട്ടുവരികെ"ന്നുകേട്ടു
കുരുക്ഷേത്രം പുക്കാൻ മുനീന്ദ്രശിഷ്യനും
തനിക്കേഴാംദിനംമരണമാമ്മാറു
മുനീന്ദ്രബാലകൻ ശപിച്ചവൃത്താന്തം 34

അറിഞ്ഞുഭൂപനും ജനങ്ങളും മന്ത്രി-
വരരുമെന്നല്ല പുരോഹിതന്മാരും
നിറഞ്ഞസന്താപംകലർന്നുചിന്തിച്ചാർ
മുറയ്ക്കിതിനെന്തു പരിഹാരമെന്നായ്, 35

ഫണീന്ദ്രബാധയെത്തടുക്കുവാനായി-
ട്ടനന്തരം ഗംഗാനദിതൻമദ്ധ്യത്തിൽ
ഝടിതിവൃക്ഷങ്ങൾ മുറിച്ചുശില്പികൾ
കൊടിയമണ്ഡപംവിശേഷരീതിയിൽ 36

ഒരുത്തൂണുനാട്ടിട്ടതിന്റെ മേൽഭാഗേ
പരിചിൽനിർമ്മിച്ചാർ വിശാലമായ് തദാ.
പുരോഹിതാമാത്യ സുഹൃജ്ജനങ്ങളോ-
ടൊരുമിച്ചുതത്രവസിച്ചിതു ഭൂപൻ. 37

നരേന്ദ്രനാപത്തു വരാതിരിക്കുവാൻ
ഗരുഡമന്ത്രത്തെജ്ജപിച്ചു വിപ്രന്മാർ
വളരെ ശ്രദ്ധാപൂണ്ടിരുന്നിതു ചുറ്റു-
മിളാവരൻവിഷ്ണുസ്മൃതിയോടും വാണാൻ 38

സുരർഷി രാജർഷിപ്രവരരുമെല്ലാ-
സുരന്മാരുംവന്നുനിറഞ്ഞിതുതത്ര
പരീക്ഷിത്തിൻവൃത്തമറിഞ്ഞു ബ്രഹ്മർഷി
വരന്മാരുമങ്ങു സഹായത്തിനെത്തി. 39

പലമഹാന്മാരുമിണങ്ങുമസ്സഭ-
സ്ഥലമഹല്യകൌതുകം നൃപനുളവാക്കി.
അഹോരാത്രമൊന്നുനിമിഷംപോലവേ
മഹച്ചരിതങ്ങൾ കഥിച്ചു പോക്കിനാർ. 40

നൃപനർത്ഥിക്കയാൽ ശുകനുമക്കാല-
മുപദേശിച്ചിതുമഹാഭാഗവതം.
മുറയ്ക്കേഴാമത്തെദ്ദിവസം കശ്യപൻ
മറകളൊക്കെയും ധരിച്ചിരിപ്പവൻ. 41

കരുത്ത തക്ഷകവിഷാഗ്നിയെപ്പോലും
തടുക്കുവാൻ തക്കമിടുക്കരാചന്നവൻ
അനേകമന്ത്രങ്ങളുപാസിച്ചുസിദ്ധി-
മനസ്സുപോലവേ വരുത്തിയധീമാൻ

അരചനതെല്ലാം വിഷഭീതിചേരാ-
തിരിക്കുവാൻ വേണ്ടുംസഹായം ചെയ്യുവാൻ
ദരിദ്രനായൊരു മഹീസുരാകാരം
ധരിച്ചുമെല്ലവേ പുറപ്പെട്ടീടിനാൻ

ക്ഷിതീന്ദ്രനെച്ചെന്നു കടിച്ചുകൊല്ലുവാൻ
മുതിൎന്നതക്ഷകഫണികുലേന്ദ്രനും
കളവായ് ബ്രാഹ്മണസ്വരൂപമാൎന്നുപോ-
മ്മളവുകശ്യപൻ വഴിക്കുകണ്ടിതു.

പരസ്പരമേററം സമീപിച്ചു നേര-
മുരഗനായകനിവണ്ണം ചോദിച്ചു.
“എവിടത്തുകാരൻ ഭവാ,നിത്തുവഴി-
യെവിടെക്കു യാത്ര തിരിച്ചിരിക്കുന്നു?

ധരാസുരോത്തമ! കഥിക്കെ”ന്നുകേട്ടു
ദരിദ്രൻ കശ്യപദ്വിജനും ചൊല്ലിനാൻ,
“ഉരഗശ്രേഷ്ഠനായെഴുന്നതക്ഷക-
നരചനെച്ചെന്നു തൊടാതിരിക്കുവാൻ

സഹായിപ്പാൻ വേണ്ടിഗ്ഗമിക്കുന്നേനിപ്പോൾ
മഹർഷികളുണ്ടുപലരുമസ്ഥലേ”
ഇവണ്ണം കശ്യപനുരച്ചതുകേട്ടു
പ്രവൃദ്ധകോപനായ് കഥിച്ചു തക്ഷകൻ

"അറിഞ്ഞാലും ഞാനാണഹീന്ദ്രൻ തക്ഷകൻ
പുറപ്പെട്ടേൻ ധാത്രീവരനെത്തീണ്ടുവാൻ
കടുത്തതാമെൻെറ വിഷാഗ്നിയങ്ങടക്ക
തടുത്തിടാവതോ ധരാസുരോത്തമ!

മിടുക്കുണ്ടെന്നോർത്തു ഞെളിയാതേകണ്ടു
മടങ്ങിപ്പോവതാണുചിതമിക്കാലം.
പെരിയൊരീവൃക്ഷം കടിച്ചുഞാൻ ഭസ്മീ-
കരിക്കുവനതു ശരിക്കു കണ്ടാലും

ഇവിടെ വച്ചു താൻ പരിക്ഷിച്ചു നോക്കാം.
ഭവാൻെറ സാമർത്ഥ്യം സകലവും, മെടോ!
മമ പ്രഭാവത്താൽ നശിക്കും പാദപം
സമമായിവീണ്ടും ഭവിച്ചു കാണട്ടെ."

സപൌരുഷമിതി കഥിച്ചു തക്ഷകൻ
കുപിതനായ് ചെന്നു കടിച്ചു വൃക്ഷത്തിൽ
പടർന്നുപാരമായുയർന്നു നിൽക്കുമാ-
വിടപിയുമതിൻ മുകളിൽ നിന്നിടും

പുരുഷനും ശീഘ്രംവിഷാഗ്നിയിൽ പെട്ടു
കരിഞ്ഞു ചാമ്പലായ് പതിച്ചിതുഴിയിൽ
ഒരു പുരുഷനിത്തരുവിൻ മൂർദ്ധാവി-
ലിരിപ്പുള്ളതായിട്ടറിഞ്ഞതില്ലാരും

അനന്തരം മന്ത്രപ്രയോഗജ്ഞൻ സാക്ഷാൽ
മുനീന്ദ്രൻ കശ്യപൻ നിജപ്രയോഗത്താൽ
ക്ഷണത്തിൽ വൃക്ഷത്തെവളർത്തിനാൻ മുന്നേ-
ക്കണക്കുയർന്നതും പടർന്നതുമാക്കി.

പുരുഷനുംകൂടെസ്സജീവനായ് തീർന്നാ-
നുരഗനായകനിതുകണ്ടനേരം
ബഹുമാനഭാരം കലർന്നു കശ്യപ-
മഹീസുരനോടു തൊഴുതു ചൊല്ലിനാൻ. 54

“മുനിവരശാപം വെറുതെയാക്കാമോ?
മനസിസമ്മതേ! വിചാരിച്ചു ചെയ്ക,
ധരണിനാഥനെസ്സഹായിച്ചുവെന്നാ-
ലൊരുപടി ധനം ലഭിക്കുമെന്നല്ലോ 55

കരുതിടുന്നതു, മതിലിരട്ടിച്ചു
തരുവൻ സമ്പത്തെന്നറികഞാൻ, വിപ്ര!
മമപ്രവൃത്തിക്കു മുടക്കമുണ്ടാക്കാ-
തമലനാംഭവാൻ മടങ്ങിപ്പൊയ്ക്കൊൾക” 56

ഇവണ്ണം തക്ഷകൻ കഥിച്ചു രത്നങ്ങ-
ളവധികൂടാതെ കൊടുത്തിതു തദാ
“ക്ഷിതീന്ദ്രനായുസ്സിന്നവസാനമായി,
വിധിവിഹിതമാണിതെ”ന്നു ചിന്തിച്ചു 57

തിരിച്ചു കശ്യപൻ നിജാശ്രമം പുക്കു
മരുവിനാൻ ചിന്താപരവശനായി.
അനന്തരം സർപ്പപ്രവരൻ തക്ഷകൻ
ഫണിഗണങ്ങളെ വിളിച്ചു കല്പിച്ചാൻ; 58

“ധരാസുരന്മാരായ് ഭവിച്ചു നിങ്ങളു-
മരചൻതന്നുടെ സവിധം പ്രാപിച്ചു
തിരുമുൽക്കാഴ്ചയായനേക സൽഫല-
നിരകളെക്കൊണ്ടു കൊടുക്കുക വേണം 59

അവിടെക്കു ഞാനും വരുന്നതുണ്ടുടൻ
ഭവാന്മാരൊക്കയും നടക്കുവിൻ മുമ്പേ."
ഫണികലങ്ങളുമതുകേട്ടു പല
മുനികളായ് ഭൂപനികടം പ്രാപിച്ചാർ. 60

അവർ കൊണ്ടുവന്ന ഫലങ്ങളെയെല്ലാ-
മവനീനായകനെടുത്തു സാദരം
പുരോഹിതന്മാർക്കമമാത്യമുഖ്യർക്കും
പുരവാസികൾക്കും കൊടുത്തിതുതദാ, 61

പുഴവിൻ രൂപമാർന്നുടനേരം ലന്ത-
പ്പഴത്തിലുൾപ്പൂക്കാൻ ഫണീന്ദ്രൻ തക്ഷകൻ
ഇളാവരനേററം വലുതാകും ലന്ത-
ഫലത്തെക്കൈക്കൊണ്ടാനതിമോദത്തോടും 62

അടുത്തുസായാഹ്ന സമയവുമപ്പോൾ
പടിഞ്ഞാറേദിക്കിലണഞ്ഞിതു രവി,
പറഞ്ഞിതന്യോന്യമഖിലരും "ശാപം
വെറുതെയായിതു ജയിച്ചുനാ"മെന്നായ് 63

തുടുത്തതാമൊരു കൃമിയെ മന്നവൻ
നെടുത്തതാംലന്തപ്പഴത്തിൽ കാണുകയാൽ
"വിഫലമാക്കേണ്ട മുനിവരശാപം
സപദിയിപ്പുഴു കടിക്കട്ടെ നമ്മെ" 64

അരചനിത്തരം കഥിച്ചു തൽഫലം
ശരിക്കു തന്നുടെ കഴുത്തിൽ ചേർത്തിതു
ഝടിതിതക്ഷകൻ കൃമിരൂപം മാററി
ക്കടും വിഷാഗ്നിയെവമിക്കും രൂപമായ്, 65

വിഷജ്വാലകൊണ്ടു പരീക്ഷിത്തിൻദേഹം
മശങ്കം മൂടിനാൻ മുഴുവനുമപ്പോൾ,
ഹരിഭക്തൻ ഭൂപനഭിമന്യുതന്റെ
തിരുമകൻ സർവ്വഗുണഗണാലയൻ 16

സമസ്തരും നോക്കിയിരിക്കവേ സർപ്പ-
പ്രമാണിതന്നുടെ വിഷാഗ്നിയിൽപ്പെട്ടു
കളേബരം ഭസ്മീഭവിച്ചു വൈകുണ്ഠ-
മലഘുകൌതുകമിയന്നു പൂകിനാൻ 17

മുനിബാലൻതന്റെ കടുത്തശാപത്താൽ
ദിനേശനാഴിയിൽ മറഞ്ഞിടുംമുമ്പേ
അരചന്റെ നാശംഭവിച്ച വൃത്താന്തം
പുരത്തിലൊക്കവേയറിഞ്ഞതുനേരം 18

പുരുഷരും നാരീജനങ്ങളുമോരോ-
ന്നുരച്ചുഹാഹേതിവിലപിച്ചീടിനാർ
പരീക്ഷിത്തിൻ പുത്രൻ ജനമേജയാഖ്യൻ
ധരിത്രിയെപ്പിന്നെ മുറയ്ക്കുപാലിച്ചു. 19

പിതാവിനെക്കാളും ഗുണവാനാകുന്നി
ക്ഷിതീശ്വരനെന്നു സമസ്തലോകരും
കഥിച്ചിടുംവണ്ണം ജനക്ഷേമംചെയ്തു
വിധിപോലെ നൃപൻ ഭരിച്ചുരാജ്യത്തെ 20

ജനകനെക്കൊന്നപകയെവീട്ടുവാ-
നനന്തരം പരംധനവ്യയംചെയ്തു
അഹികുലംപാടേ നശിക്കുമാറൊരു
മഹായാഗത്തെയും നടത്തിനാനവൻ 21

ജ്വലിക്കും ഹോമാഗ്നിക്കിരയായിത്തീൎന്നു,
വളരെ സ്സൎപ്പങ്ങളതുകാലം തത്ര
മുടിയുമീവംശം മുഴുവനെന്നോൎത്തു
പടുവാമാസ്തിക മഹൎഷിപുംഗവൻ 12

അപേക്ഷിച്ചമൂലം സുധൎമ്മനിഷ്ഠനാം
നൃപതിയാഗവും മതിയാക്കീടിനാൻ
നൃപനെരക്ഷിക്കാതഹീന്ദ്രൻതന്നുടെ
കപടസ്സൂത്രത്താൽ വശീകൃതനായി 13

ഭവിച്ചുകശ്യപനധൎമ്മിമൂഢനെ
ന്നിവണ്ണമെവരും പറഞ്ഞുഭത്സിച്ചാർ
ജനങ്ങൾ ചൊല്ലിടും ഋഷിവാക്കുകേട്ടു
മനസ്സുമുട്ടുകനിമിത്തംകശ്യപൻ 14

സ്വകീയമാശ്രമം വെടിഞ്ഞുതന്നെത്താൻ
സകലദിക്കിലും ഭ്രമിച്ചുമണ്ടിനാൻ.
എവിടെച്ചെൽകിലുമവിടെയുള്ളവ-
രവനെനിന്ദിച്ചുബഹിഷ്കരിച്ചിതു 15

വഴിക്കുകാണുന്ന മഹാജനങ്ങളും
പഴിച്ചുദൂരത്തു ഗമിക്കെന്നുചൊല്ലും
പരാക്ഷേപംകൊണ്ടു് നടക്കുവാൻപോലു
മരുതാതേപാരം വിഷണ്ഡചിത്തനായ് 16

ഒരിക്കൽശാകല്യമുനീശ്വരൻതന്റെ
ചരണതാരിണ ശരണം പ്രാപിച്ചു
നമസ്കാരംചെയ്തുവിനീതനായ്നിന്നു
സുമാന്യനാം മുനിവരനോടോതിനാൻ 17

"മഹാമുനേ! ഭവാനൊഴിഞ്ഞെനിക്കൊരു
സഹായമില്ലെന്നു ധരിച്ചിടേണമേ
ധരണിയിലുള്ള ജനങ്ങളിന്നെന്നെ
പ്പരമപഹസിച്ചുരയ്ക്കുന്നിതിളെ) ൭൮

ശുനകനെക്കാളും നികൃഷ്ടനെന്നെന്നെ
നിനച്ചു സജ്ജനമടിച്ചോട്ടിക്കുന്നു.
ഇതിന്നുതക്കതാം വലിയപാതക-
മിതുവരെച്ചെയ്തതെനിക്കറിവീല. ൭൯

ഗുരുദാരങ്ങളെഗമിച്ചിട്ടില്ലഞാൻ
സുരപാനമിതേവരേയും ചെയ്തീലാ
അവനിദേവന്മാർക്കപഭവം ചേർത്തീ-
ലിവനിതേവരെ സുവർണ്ണംകട്ടീല ൮൦

മഹാപാപങ്ങളാമിവ ചെയ്തോരുമായ്
സ്സഹവാസംപോലുമെനിക്കുണ്ടായില്ല.
അറിഞ്ഞിട്ടിന്നോളം ദുരിതമൊന്നുംഞാൻ
പറയാംചെയ്തതില്ലാ,തെവിടംപിന്നെ ൮൧

പരക്കെയുള്ളോർക്കുപരിഹാസ്യനായി
വരുന്നതിന്നെന്തുനിമിത്തമിന്നയ്യോ
ഇവണ്ണംകശ്യപൻകഥിച്ചതുകേട്ടി-
ട്ടുവർണ്യമാഹാത്മ്യമെഴുന്നശാകല്യൻ ൮൨

മനസിധർമ്മങ്ങളശേഷവും ചിന്തി-
ച്ചനന്തരമേവം തെളിഞ്ഞു ചൊല്ലിനാൻ
"സമസ്തലോകരും ഭവാനെ നിന്ദിപ്പാൻ
നിമിത്തമെന്തെന്നു ശ്രവിച്ചുകൊണ്ടാലും ൮൩

മതിമതാംവരൻരമാവരന്തന്റെ
പാദാംബുജാശ്രിതൻ സകലസമ്മതൻ
മുറയ്ക്കുധർമ്മത്തെപ്പുരസ്കരിച്ചൂഴി
ഭരിച്ചുപോരുന്നപരീക്ഷിത്താകിയ

മഹാരാജാവിനെ മരണത്തിൽനിന്നും
സഹർഷംരക്ഷിപ്പാനൊരുങ്ങിപ്പോകുമ്പോൾ
വഴിയിൽവച്ചു നീ ഫണീന്ദ്രൻചൊല്ലിയ
മൊഴികളെക്കേട്ടു വിമോഹിതനായി

സുരത്നലാഭത്താൽ മതിതെളിവാൻ
തിരിച്ചുതൻ ഗൃഹം ഗമിച്ചതില്ലയോ?
പരോപകാരത്തിന്നുതകിടാത്തുള്ള
നരന്റെ ജന്മത്താലൊരു ഫലമില്ല.

ധനാഗ്രഹംകൊണ്ടുമതിമറന്നതു
നിനയ്ക്കാതിങ്ങനെ പ്രവർത്തിക്കമൂലം
ഭുവിസകലർക്കും പരിഹാസ്യനായി
ബ്ഭവിച്ചിതു ഭവാനിതുകാലമെടോ.

ഇരന്നവാസരംകഴിപ്പോനെന്നാലു,-
മരചനെന്നാലുംവിഷാതുരനായാൽ
സമർത്ഥനായുള്ള വിഷചികിത്സകൻ;
സമമായ് ചിന്തിച്ചു ചികിത്സിച്ചിടേണം.

പ്രയത്നമെത്രതാനെടുത്തിട്ടുംവിഷ
ഭയത്തെത്തീർപ്പാക്കേണം സമർത്ഥനായവൻ.
അതുചെയ്തീടാതേധനത്തിലുള്ളൊരു
കൊതിമുഴുക്കുക നിമിത്തമാത്രനെ

വെടിഞ്ഞു പോകുന്ന മനുഷ്യനാകുന്ന
കൊടിയപാതകി മനുഷ്യരാക്ഷസൻ
പരിഹാരം കൊണ്ടു ശമിക്കും പാതക-
നിരകളുണ്ടല്ലോ പലതുമെന്നാലും

വിഷം ബാധിച്ചേററം പരവശനായി
വിഷമഘട്ടത്തിൽ കിടക്കും മർത്ത്യനെ
ശരിക്കു രക്ഷിപ്പാൻ തനിക്കസാദ്ധ്യമെ-
ന്നിരിക്കിലുമതു പ്രവർത്തിച്ചീടാതെ

അമാന്തിക്കിലുണ്ടാം മഹത്താം പാതകം
ശമിക്കുവാനില്ല പരിഹാരമൊന്നും
അവനെക്കാണുകിലകലെപ്പോകണ
മവനോടൊന്നിച്ചു ഭുജിക്കരുതാരും

ഒരക്ഷരംപോലുമവനോടുനേരി-
ട്ടുരയ്ക്കരുതവനതീവനിന്ദ്യനാം
അതുകൊണ്ടുതന്നെ ശരിക്കു, വിപ്ര നീ
യിതുകാലമേവം ജുഗുപ്സിതനായി

മരണമിന്നനാൾ പരീക്ഷിത്താംഭൂമി-
വരനുണ്ടാമെന്നു വിധിമതമത്രേ,
അതു തടുക്കുവാനൊരാൾക്കും സാമർത്ഥ്യം
ക്ഷിതിയിലില്ലെന്നു ശരിക്കു ചൊല്ലിടാം

ഇവണ്ണമെങ്കിലും, സുമാന്ത്രികൻ ഭവാ-
നവനിനാഥന്റെ വിഷം ശമിപ്പിപ്പാൻ
വഴിനോക്കീടാതേ പുറപ്പെട്ടുപോകും
വഴിമദ്ധ്യേവച്ചു മടങ്ങിപ്പോകയാൽ

വലിയപാപിയായ് ഭവിച്ചിതായതിൻ
ഫലമായ് സർവ്വരും ഭവാനെ നിന്നിപ്പൂ
സ്വകൃത്യം കൈവിട്ടു നടന്നിടുന്നാകിൽ
വികൃതമായ്ത്തീരുമവന്റെ പേരഹോ

ധരിക്കതാഴ്ച്ചയുമുയർച്ചയുമെല്ലാം
നരർക്കുമുണ്ടാകും നിജപ്രവൃത്തിയാൽ
പരദ്രോഹം ചെയ്തു പണമുണ്ടാക്കുവാ-
നൊരുത്തനെങ്കിലും കരുതരുതെടോ

ഗുണദോഷങ്ങൾക്കു നിമിത്തമായതി
പ്പണമെന്നതന്നേ കഥിപ്പൂ സജ്ജനം.
ഉപദ്രവമാർക്കും വരുത്തിടാതെയും
കപടസൂത്രങ്ങൾ വിചാരിക്കാതെയും

മടിക്കാതേകണ്ടു പഠിച്ച വിദ്യയാൽ
മിടുക്കനായ് തന്റെ കുലാചാരമെന്നും
വിടാതെ കൃത്യങ്ങൾ നടത്തിസ്സമ്പാദി-
ച്ചിടുന്ന സമ്പത്തു ഗുണഹേതുവത്രേ.

നിനക്കുകിട്ടിയ വിധത്തിലാർജ്ജിക്കും
ധനത്തിനാലുണ്ടാം വലിയദോഷവും."
മുനീന്ദ്രൻ ശാകല്യനിവണ്ണം ചൊന്നപ്പോൾ
വിനീതനായ് വീണ്ടും കഥിച്ചു കശ്യപൻ

"കൃപാനിധേ! മുനേ! കനിഞ്ഞുവല്ലാതീ
വിപത്തിൽനിന്നെന്നെസ്സഹായിക്കേണമേ
ധരണിയിലുള്ള ജനങ്ങളൊക്കെയും
പരദ്വേഷിപ്പതു ശമിപ്പതെങ്ങിനെ?

ഇനിയുംമുന്നേപ്പോലപരാധംനീങ്ങി
ജ്ജനശ്ലാഘ്യനായി ഭവിപ്പതെന്നുഞാൻ?
ഉപായംവല്ലതുമതിനുണ്ടെന്നാകി-
ലുപദേശിക്കുകിലതുപോലെ ചെയ്യാം 102

ഇവണ്ണമേററവും വിനയമാർന്നോതു-
മവനീദേവനോടുരച്ചു ശാകല്യൻ.
"ഉപായമൊന്നുണ്ടുഭവാന്റെ പാതകം
സപദിനീങ്ങുവാ,നതുകഥിക്കാം ഞാൻ 103

ജഗദിശ്രുതമായ് വിളങ്ങിടുംസുവർണ്ണ-
മുഖരിതൻതീരേ തിരുവെങ്കിടാദ്രി
വിളങ്ങുന്നുലക്ഷ്മീവരനിവാസമായ്
വളരെ മുഖ്യമായ് ത്രിദശസേവ്യമായ് 104

ദുരിതമൊക്കെയും നശിക്കുമഗ്ഗിരി-
വരനെക്കാണുകിലൊരുവാദമില്ല,
അവിടെസ്വാമിപുഷ്കരണിയാംതീർത്ഥം
പവിത്രമായേററം പ്രവഹിച്ചീടുന്നു. 105

അതിൽ സ്നാനം ചെയ്തു വരാഹമൂർത്തിയെ
ദ്ധൃതാദരം ചെന്നു ഭജിച്ചു കൊൾക നീ
ർമ്മാജ്ഞതപോലവ മനുഷ്ഠിച്ചുവെന്നാ-
ലമലനായ് തീരും ഭവാനറികേടോ. 106

ഭവാനെമുന്നെപ്പോലഖിലലോകരു-
മവനിയിലേററം ബഹുമാനിച്ചീടും
മനസ്സിലേററവും ഭവാനസംശയ-
മിനിയുണ്ടാകേണ്ട മഹീസുരോത്തമ! 107

മുനീന്ദ്രൻ ശാകല്യൻ കനിഞ്ഞു ചൊല്ലിയോ-
രനുഗ്രഹോക്തികൾ ശ്രവിച്ചു കശ്യപൻ
ത്വരിതം വെങ്കിടാചലത്തിലുൾപ്പുക്കു
പരിചിൽ സ്വാമി പുഷ്കരണിയിൽ ചെന്നു

വിധിപോലെ സ്നാനം കഴിച്ചതിൻ ശേഷം
മധുമഥനനെബ്ഭജിച്ചിതു ഭക്ത്യാ
അഘങ്ങൾ തീർത്ഥത്തിൽക്കളിച്ചിതു മൂല
മകന്നു ശുദ്ധനായ് ഭവിച്ചു കശ്യപൻ.

ബഹുമാനത്തോടു മനന്തരം നാനാ-
മഹീസുരന്മാരു മവനെ മാനിച്ചാർ.
മുനിവരന്മാരേ! ഭവാന്മാരോടു ഞാ-
നനഘം സ്വാമിപുഷ്കരിണി തന്നുടെ

പ്രഭാവസൂചകം പരീക്ഷിത്തായുള്ള
വിഭാവരീവരകുലോത്ഭവൻ തന്റെ
ചരിതമുത്തമം പറഞ്ഞു കേൾപ്പിച്ചു-
ന്നര ചെയ്തിടുന്നാൻ മഹാശയൻ സൂതൻ.

# സൽപുത്രൻ.

നാരദനരുൾചെയ്തു, നജ്ജുന! സൂതനെവാ-
മരണേശ്വരനെന്റെ ചോദ്യങ്ങൾക്കശേഷവും
ഈവമട്ടിൽ സമാധാനം ചൊൽകയാലത്യാനന്ദ-
രോമഹർഷത്തെപ്പൂണ്ടെനസ്സമയത്തു ഞാനും. 1

ക്രിത്രിമവേഷംമാററി ശ്ശുദ്ധനായ് സവിനയ-
മുത്തമന്മാരായ് വാഴുമവരോടുരചെയ്തേൻ
ബ്രാഹ്മണോത്തമന്മാരേ! ലോകസ്രഷ്ടാവായ് വാഴും
ബ്രഹ്മാവാം മമതാതൻ സർവ്വദാ ഭവാന്മാരാൽ 2

തുഷ്ടനായ് വസിക്കുന്നു ലോകാനുഗ്രഹകർമ്മം
ശ്രേഷ്ഠരാംനിങ്ങൾ നിത്യം ചെയ്തീടുന്നതുമൂലം
ശാർങ്ങപാണിയാംദേവൻ കൂടിയും വർണ്ണിക്കുന്നു
നിങ്ങടെ മാഹാത്മ്യത്തെയിവിധം സവിശേഷം 3

ജീവത്കാളികൾക്കൊക്കെജ്ജീവനായ് പരനായ
ദേവനാംഞാനല്ലാതെ മറെറാരുവസ്തുവില്ല.
എന്നുടെ മാഹാത്മ്യത്തെസ്സർവ്വദാ വർണ്ണിക്കുന്ന
മാന്യരാംബ്രാഹ്മണന്മാരെന്നിലും പൂജ്യരെന്നായ് 4

അത്രമാഹാത്മ്യമേന്തും ബ്രാഹ്മണന്മാരിൽവച്ചി-
ട്ടുത്തമന്മാരായുള്ള നിങ്ങളെയിതുകാലം
വന്നെനിക്കൊന്നുകാണ്മാൻ യോഗമുണ്ടാകമൂലം
ധന്യനായ് വന്നേനല്ലോ സഫലം മമജന്മം 5

പാപവർജ്ജിതന്മാരായ് ധർമ്മതല്പരന്മാരായ്
താപസശ്രേഷ്ഠന്മാരാം നിങ്ങടെ സമാഗമം
അല്പമിന്നെനിക്കുണ്ടായ് വന്നതു നിമിത്തമെ-
ന്നുൾപ്പൂവിലനല്പമാം സന്തോഷമുണ്ടാകുന്നു 6

ഇത്തരം മമവാക്യം കേട്ടിട്ടവരെല്ലാം
സത്വരമെഴുന്നേററു സാദരം വിധിപോലെ
അർഘ്യപാദ്യങ്ങൾ നൽകിസ്സൽക്കരിച്ചെന്നോടേവം
ശ്ലാഘ്യരാമവർ ചൊന്നാർ സജ്ജനോചിതമായി. 7

ധന്യനായിരിപ്പോരു ദേവർഷേ! ഭവാനത്ര
വന്നതുമൂലം ഞങ്ങൾക്കുൾപ്രിയം വളരുന്നു.
എന്തൊരു കാര്യത്തിന്നായിവിധമിവിടയ്ക്കു
ശാന്തനാം ഭവാനിപ്പോൾ വന്നതെന്നതു ചൊൽക. 8

ബ്രാഹ്മണപ്രവരന്മാർ ചൊല്ലിയവാക്യം കേട്ടു
സന്മതേ! വിജയ! ഞാനവരോടുര ചെയ്തേൻ
“ബ്രഹ്മാവിൻ നിയോഗത്താൽ പുണ്യമാം സ്ഥലമൊന്നു
ബ്രാഹ്മണർക്കായിട്ടു ദാനം ചെയ്യുവാൻ മോഹം പൂണ്ടു 9

വിപ്രരെപ്പലേടത്തുമൊന്നു ഞാൻ പരീക്ഷിച്ചി-
ട്ടിപ്രദേശത്തുമിപ്പോളതിനായ് വന്നു ചേർന്നേൻ.
നിങ്ങളൊക്കയുമേററം യോഗ്യരെന്നറികയാ-
ലിംഗിതം മമ പാരം സഫലമായിത്തീർന്നു. 10

ഞാനിനിബ് ഭവാന്മാർക്കു പാവനം മഹീതീര-
സ്ഥാനത്തെത്തുസന്തോഷം സാമ്പ്രതം നൽകീടുന്നേൻ.
എന്നുടെകൂടെപ്പോന്നു സൌഖ്യമായ് നിങ്ങളെല്ലാം
മാന്യരായ് വർത്തിച്ചാലുമസ്ഥലത്തിങ്കൽമേലാൽ” 11

അവരും മമവാക്യം കേട്ടുടൻതമ്മിൽ പാർത്തി-
ട്ടവനീസുരോത്തമൻ ശാതാതപാഖ്യൻചൊന്നാൻ
നിർണ്ണയം ദേവന്മാർക്കും സിദ്ധിപ്പാൻ കഴിയാത്ത
പുണ്യമാംസ്ഥലമെല്ലോ ഭാരതമഹീതലം 12

അതിലും വിശേഷിച്ചുമുഖ്യമീമഹീനദി-
യധുനാവാദമില്ലതെല്ലുമേ സുരമുനേ!
അവിടെസ്സ്നാനം ചെയ്കിൽ പാപങ്ങളെല്ലാം തീർന്നു
ജവമൃത്തമനായിക്കൈവല്യം പ്രാപിച്ചീടാം. 13

എങ്കിലും വലുതായദോഷമൊന്നുണ്ടു തത്ര
ശങ്കയും ഭയവുമീഞങ്ങൾക്കുണ്ടതിനാലെ
നിർദ്ദയന്മാരായുള്ള കള്ളന്മാർ ഭയങ്കര-
മൂർത്തികൾ വർത്തിക്കുന്നു നാരദ! മഹാമുനേ! 14

ദുഷ്ടരാമവർ ഞങ്ങൾക്കുള്ളോരു തപോധനം
പെട്ടെന്നുമോഷ്ടിച്ചീടും സർവ്വവും മടിയാതെ.
പാവനം തപോധനമാകവേ നശിച്ചീടിൽ
ജീവിതംകൊണ്ടുപിന്നെക്കാര്യമെന്തുള്ളു പാർത്താൽ 15

ഉത്തമൻ ശാതാതപനെന്നോടു കള്ളന്മാരി-
ലെത്രയുംഭയംപൂണ്ടിട്ടിങ്ങനെചൊന്നാനല്ലോ-
ദേവമാമുനിയുടെ വാക്യമീവണ്ണംകേട്ടു
ദേവേന്ദ്രപുത്രൻ വീരനർജ്ജുനൻ ചോദ്യംചെയ്താൻ. 16

"അത്ഭുതം വളരുന്നു മാമുനേ വിപ്രശ്രേഷ്ഠ-
നൾക്കുംഭയംവളർത്തീടും കള്ളന്മാരവരെന്നായ്
അരുളിച്ചെയ്തിടേണം കനിവാലെന്നു" ചോദി-
ച്ചോരു കൗന്തേയനോടായ് നാരദനരുൾചെയ്താൻ 17

നൽതപസ്സായീടുന്നവിത്തത്തെഹനിക്കുവാൻ
ശക്തരാം കള്ളന്മാരോ കോപകാമാദിയല്ലോ.
അവരിലതിമാത്രംഭീതരായ് ഭൂസുരന്മാ-
രവനീവരമൌലേ! ചൊന്നതെന്നറിഞ്ഞാലും 18

പിന്നെഞാനവരോടുചൊല്ലിനേൻ വിപ്രന്മാരേ!
മന്നിടത്തിങ്കലേററം ശ്രദ്ധപൂണ്ടേതുമർത്ത്യൻ
സന്തതംജാഗരൂകനായിട്ടുവസിക്കുമെ-
ശ്ശാന്തനുപേടിക്കേണ്ടതെല്ലുമിക്കള്ളന്മാരെ

വൃത്തിയില്ലാതെകണ്ടുമലസസ്ഥിതിപൂണ്ടും
വർത്തിക്കുംമനുജനെബ്ഭൂമിതാൻ വിഴുങ്ങിടും.
ഇത്തരം മമവാക്കു കേൾക്കയാൽശാതാതപ-
നത്തരം സവിനയമെന്നോടായുരചെയ്താൻ. 20

"ഞങ്ങളിക്കള്ളന്മാരെപ്പേടിച്ചുവാണീടുന്നി-
തങ്ങോട്ടുവരുവതിന്നല്പവും മോഹമില്ല.
നിർമ്മലമായവിത്തംനിർദ്ദയം ഹനിക്കുന്ന
ദുർമ്മദന്മാരായുള്ള കള്ളന്മാരെവിടത്തിൽ 21

വർത്തിച്ചുകൊണ്ടീടുന്നിതസ്ഥലത്തിങ്കലേററം
ശ്രദ്ധപൂണ്ടിരുന്നാലും ഹാനിയുണ്ടാകുമല്ലോ
ഒന്നുമേവേണ്ടഞങ്ങൾക്കങ്ങോട്ടുവരുന്നതി-
ല്ലെ"ന്നവൻചൊന്നനേരംഹാരീതനുരചെയ്താൻ. 22

'ബുദ്ധിമന്ദതതന്നെപുണ്യമാംമഹീതീർത്ഥ
മിത്ഥമിന്നുപേക്ഷിച്ചുതോക്കിലോ ശാതാതപ!
സ്വർഗ്ഗമോക്ഷങ്ങൾരണ്ടും തൽക്ഷണം നിഷ്പ്രയാസം
കൈക്കലാക്കുവാൻമാർഗ്ഗമില്ലിതിന്മീതെയൊന്നും 23

അവിടെസ്നാനംചെയ്കിലപ്പോഴേമുക്തനായി-
ബ്ഭവസാഗരതീരം നിർണ്ണയം പ്രാപിച്ചീടാം.
നിത്യവും കലാപാദിഗ്രാമഭാഗങ്ങളിൽ പാ-
ർത്ഥോത്തമം തപസ്സേറെക്കാലമെചെയ്യുന്നോർക്കാം 24

എത്രയോഫലമുണ്ടാമമ്മഹീതീർത്ഥത്തിങ്കൽ
മാത്രനേരമെന്നാലും വാഴവാൻ തരമായാൽ.
ശാന്തരായ് കുമാരേശസ്വാമിയെദ്ധ്യാനംചെയ്തു
സന്തതംവസിച്ചീടിലെന്തൊരുഹാനിയുള്ളു. 25

കാത്തുകൊണ്ടിട്ടുമല്ലോ ഷൺമുഖൻ കനിവാർന്നു
നിത്യവും ഭക്തന്മാരെച്ചോരരീതിയിൽ നിന്നും
നാരദ! ഭവാന്തന്റെ വാക്കിനാലൊരുമിച്ചു-
പോരുവനിപ്പോൾതന്നെ ഞാനതിന്നില്ലവാദം. 26

ആരുകർമ്മങ്ങൾ നിത്യംചെയ്യോരായ് ശുദ്ധന്മാരായ്
സാരബോധികളായിട്ടുംഭവജ്ജിതന്മാരായ്
എന്നോടുകൂടെപ്പോരുമിരുപത്താറായിരം
മാന്യരാം ബ്രാഹ്മണന്മാരെന്നതുമറിയേണം. 27

അമ്മഹീതീർത്ഥത്തിങ്കലവരോടൊരുമിച്ചു
സമ്മതേ, വന്നുഞാനും വാഴവൻമടിയാതെ.
ഹാരിതന്തന്റെ വാക്യംകേട്ടളവർജ്ജുന! ഞാ-
നാശ്രദ്ധമോദത്തോടുമാരണന്മാരെയെല്ലാം 28

തൽക്ഷണംകൂട്ടിശ്ശീഘ്രമാകാശഭാഗത്തൂടെ
യക്ഷയാനന്ദത്തോടുമവിടംവിട്ടുപോന്നേൻ-
നൂറുയോജനദൂരംപോന്നുഞാൻകേദാരത്തി-
ലാരണന്മാരോടൊത്തു സത്വരം സംപ്രാപിച്ചേൻ. 29

ഉൾക്കടമായിട്ടുന്നമഞ്ഞിനാൽ നടന്നീടാ-
നാക്കുമേസാധിക്കില്ല നൂറുയോജനവഴി,
ആകാശമാർഗ്ഗത്തൂടെയല്ലെന്നാൽബിലത്തൂടെ-
പ്പോകുവാൻവഴിയുണ്ടിരണ്ടുമാർഗ്ഗമേയുള്ളൂ; 30

മാമുനിതന്നോടപ്പോളർജ്ജുനൻ ചോദ്യംചെയ്താൻ-
“ഗ്രാമമാംകലാപാഖ്യമെവിടെവർത്തിക്കുന്നു.
അസ്ഥലത്തിങ്കൽ നിന്നും കേദാരദേശത്തിങ്ക-
ലെത്തുവാൻവഴിയുണ്ടു നൂറിലുമേറെക്കാതം. 31

ഇത്രയുംദൂരമാപത്തൊന്നുമേ വന്നീടാതെ
യാത്രചെയ്തുപാർത്താലെങ്ങിനെബിലത്തൂടെ.
ഷൺമുഖപ്രസാദത്തിൻ ഹേതുവും ചൊല്ലുകെന്നായ്
ധർമ്മജാനുജവാക്യം കേട്ടുനാരദൻചൊന്നാൻ 32

നൂറുയോജനയത്രേ ‘കേദാരത്തിങ്കൽ നിന്നു-
മേറിയ മഞ്ഞിൻകൂട്ടം ചേർന്നോഴും ദുർഗ്ഗം മാർഗ്ഗം
നൂറുയോജനയോളമസ്ഥലത്തിങ്കൽ നിന്നും
ദൂരമിക്കലാപാഖ്യഗ്രാമമെന്നറിയേണം 33

പിന്നെയുമവിടുന്നു നൂറുയോജനചെന്നാ-
ലിന്ദ്രനന്ദന! കാണാം വാലുകാർണ്ണവം തത്ര
അവിടുന്നൊരു നൂറുയോജന ദൂരം ചെന്നാ-
ലവസാനിക്കും. ഭൂമിസപർശമകന്നു പിന്നെ 34

ശക്തനായ് തീർന്നിടുന്നതെങ്ങിനെബിലം വഴി
യാത്രചെയ്യുവാനെന്നു കേട്ടാലും വഴിപോലെ
ഒന്നുമേ ഭക്ഷിക്കാതെ വെള്ളവും കുടിക്കാതെ
വന്ദ്യനാം സുബ്രഹ്മണ്യസ്വാമിയെ ഭജിക്കേണം 35

തന്നുടെ ഭക്തികൊണ്ടും വ്രതകാഠിന്യംകൊണ്ടു-
മന്നേരം നശിച്ചീടും പാപങ്ങളറിഞ്ഞാലും
പാപമില്ലാതെയായാൽ സ്വപ്നത്തിൽ പ്രസാദിച്ചു.
താപനാശനൻ വന്നു പോയാലുമെന്നീവണ്ണം 36

അരുളിച്ചെയ്യുകേൾക്കാം, പിന്നെയും ഷഡാനന-
ചരണാംഭോജം കൂപ്പിത്തൊഴുതു വിനീതനായ
വിസ്തൃതമായിത്തത്ര കണ്ടിട്ടും ബിലത്തൂടെ
യാത്രചെയ്തീടാം പിന്നെദ്ദണ്ഡമുണ്ടാകയില്ല. 37

അല്പമാം ദൂരം ചെന്നാൽ ശിവലിംഗത്തെക്കാണാം-
മത്ഭുതം മരതകരത്നരൂപകമായി
സ്വർണ്ണവർണ്ണത്തെപ്പൂണ്ടു ശിവലിംഗത്തിൻ മുന്നിൽ
പൂർണ്ണമായ് കിടക്കുന്നമണ്ണുമുണ്ടവിടത്തിൽ 38

ശിവലിംഗത്തെബ്ഭക്ത്യാ സാഷ്ടാംഗം നമസ്കരി
ച്ചവിടെക്കണ്ടീടുന്ന മണ്ണിനെ കൈയിലേന്തി
സ്തംഭതീർത്ഥത്തിൽ പുക്കുഭക്തനായ് കുമാരേശൻ
തൻപദപത്മം രണ്ടും പൂജിച്ചീടിനശേഷം 39

സ്തംഭതീർത്ഥത്തിൻതീരത്തിങ്കലെക്കിണററിൽനി-
ന്നംഭസ്സുകോരിപ്പാരം ശുദ്ധനായ്മണ്ണുനന്നായ്
ചാലിച്ചവെള്ളത്താലേ രണ്ടുകണ്ണിലും ചേർത്തു
മേലിലുമാകപ്പാടെ മണ്ണിനെപ്പൂശിടേണം 40

മണ്ണുതൻപ്രഭാവത്താൽകൂരിരുട്ടെല്ലാംനീങ്ങി
ക്കണ്ണിനാൽബിലംപാരംശുഭ്രമായ് കാണാമെല്ലോ.
ഉടലിൽ പൂശീട്ടുള്ളമണ്ണിനാൽബിലത്തിന്റെ
നടുവിൽക്കൂടെത്തന്നെ ദണ്ഡമെന്നിയേപോകാം. 41

അല്ലെങ്കിൽകാരീഷാദികീടങ്ങളതിലുള്ള-
തില്ലസന്ദേഹംതിന്നുമാവഴിപോകുന്നോരെ
ബാലഖില്യത്തിൽചെന്നാലവിടെസ്സിദ്ധന്മാരെ
ച്ചിലരെക്കാണാമല്ലൊ സൂര്യസന്നിഭന്മാരായ് 42

ഇങ്ങിനെ നടന്നങ്ങുചെന്നീടാംബിലത്തൂടെ
ബ്ഭംഗമെന്നിയേപിന്നെക്കലാപഗ്രാമത്തിങ്കൽ
ക്രമമായ് തത്ര വാഴും മർത്ത്യർനാലായിരം
സമകളായുസ്സുള്ളദിവ്യരാണവരെല്ലാം 43

ഫലഭോജനമല്ലാതാർക്കുമില്ലവിടത്തി
ലല്പപുണ്യംകൊണ്ടേതത്രവാസവുംകിട്ടു.
ഇത്തരം ബിലംവഴികേദാരത്തിങ്കൽനിന്നു
യാത്രചെയ്തീടുംമട്ടുചൊല്ലിനേൻ, ശേഷംകേൾക്ക. 44

ഞാനുമെൻകൂടെയുള്ളോരാരണശ്രേഷ്ഠന്മാരും
സാനന്ദംകേദാരത്തിൽ നിന്നുടൻപുറപ്പെട്ടു
പുണ്യമാംമഹിതീർത്ഥംപ്രാപിച്ചുമഹത്താകു-
മണ്ണവസംഗമത്തിൽസ്നാനവുംചെയ്താരെല്ലൊ 45

ചെയ്തിതുപിതൃക്കൾക്കുതർപ്പണംവിധിപോലെ
കൈതവഹീനന്മാരായ് ഞങ്ങളും തത്രവാണോർ
നിശ്ചലമാകുംവണ്ണംസൂര്യനിൽകണ്ണുറപ്പി-
ച്ചച്യുതദ്ധ്യാനത്തോടും ഞങ്ങൾവാഴുന്നനേരം 46

അഷ്ടദിക്പാലന്മാരുമിന്ദ്രാദിദേവന്മാരു-
മെട്ടുഭേദങ്ങളാകും ദേവയോനികൾമറ്റും
സിദ്ധചാരണയക്ഷഗന്ധർവന്മാരുമെന്നു-
ള്ളസ്ഥലത്തിങ്കൽ വന്നാർലോകവാസികളെല്ലാം. 47

SRI KRISHNA VILASAM

വാദിത്രഘോഷം കൊണ്ടു പൂരിച്ചു ജഗത്രയം
മോദിച്ചു ഞാനും പിന്നെയർജ്ജുന; ശുദ്ധനായി
ബ്രാഹ്മണോത്തമന്മാർ തൻ കാൽകഴുകീടുവാനായ്
സമ്മതത്തോടങ്ങുമ്പോളവർക്കായിതൊരുവാക്യം 48

സാമവേദത്തൊടൊത്തു സൽക്കാരോചിതമാകു-
മാമനോഹരവാണികേട്ടുള്ളവാരണന്മാർ
എല്ലാവരുമെഴുന്നേറ്റിട്ടാരുനീവന്നതെന്തി
ന്നേവമാവാക്യം ചൊന്നവിപ്രനോടുരചെയ്താർ 49

വന്നവിപ്രനതപ്പോൾ ചൊല്ലിനാൻ കപിലൻ ഞാ
നിന്നു നാരദനാലായത്ഥിപ്പാൻ വന്നോനല്ലോ.’
കപിലോക്തികളേവം കേട്ടു ഞാനദ്ദേഹത്താ
ടുപചരിച്ചിന്നമാം കം മോദമുൾക്കൊണ്ടു ചൊന്നേൻ 50

മാന്യനാം കപിലനാണെങ്കിലോ ഭവാനദ്യ
വന്നതുനിമിത്തമായ് ധന്യനായ് ഭവിച്ചേൻ ഞാൻ
ഇത്രിലോകത്തിലാരുമങ്ങയെപ്പോലെനല്ല
പാത്രമില്ലല്ലോ ദാനം ചെയ്‌വതിന്നയി! ധീമൻ! 51

എന്നോട്ടു ചൊന്നാനപ്പോൾ കപിലൻ സുരമുനേ!
തന്നാലുമെണ്ണായിരം വിപ്രരെ മടിയാതെ
സമ്മതേ! കലാപാഖ്യ ഗ്രാമവാസികളാകും
ബ്രാഹ്മണശ്രേഷ്ഠന്മാർക്കുഭൂമിയെല്ലാംദാനംചെയ്‌വാൻ 52

ആഗ്രഹം വളരുന്നിതാകയാലിവരെന്നീ
സല്ക്കാരപൂർവ്വം തന്നു ധന്യനാക്കേണമെന്നു
ഇവ്വിധം കഥിച്ചോരു കപിലന്തന്നോടപ്പോ-
ളാവിധം ചെയ്യാമെന്നു. സമ്മതിച്ചുരചെയ്തേൻ. 53

ധന്യനാംകപിലനാ തുഷ്ടനായെണ്ണായിര-
മെന്നോടുവിപ്രന്മാരെ സ്വീകരിച്ചിതുപാർത്ഥ!
ശ്രാദ്ധാദിസൽക്കർമ്മങ്ങൾ ചെയ്യുമ്പോളതിഥിയെ
ശ്രദ്ധയാപൂജിക്കേണമല്ലെങ്കിൽ ഫലമില്ല. 54

അതിഥിപൂജചെയ്യും മാനവൻ ശ്രേഷ്ഠനാകു-
മതുചെയ്യാത്തമർത്ത്യൻ നരകം പ്രാപിച്ചീടും
പിന്നെ ഞാൻ വിപ്രന്മാരെക്കാൽ കഴുകിക്കുവാനായ്
സന്നദ്ധനായെന്നപ്പോൾ ഹാരിതൻ വിപ്രശ്രേഷ്ഠൻ 55

തന്നുടെവാമപാദം നീട്ടിനാൻ കഴുകിപ്പാ-
നന്നേരമതുകണ്ടു സർവ്വരും ചിരിപൂണ്ടാർ
നിന്ദ്യമാമിതുകണ്ടും ലോകഹാസത്തെക്കേട്ടും
ഖിന്നനായ് തീർന്നു ഞാനുമീവിധമുരചെയ്തേൻ 56

“ദാരിദ്ര്യമുള്ളോരായും മൂഢമാനസരായും
തീരുമെന്നുടെ വാക്കാൽ നിങ്ങളും വിപ്രന്മാരേ!”
ശാപവാക്യത്തെക്കേട്ടു ഹരിതൻ ചൊന്നാനപ്പോൾ
“കോപവും ശാപവാക്കും സജ്ജനോചിതമല്ല” 57

ഹാരിതൻ തന്നോടീഞാൻ ചൊല്ലിനേനിടത്തുകാ-
ലാത്മനാം ഭവാൻ നീട്ടിത്തന്നതു നിമിത്തമായ്
എന്നുള്ളിലുണ്ടായ് വന്ന ശോകകോപങ്ങളാലെ
നിന്ദ്യമാം ശാപവാക്യമീവിധം പുറപ്പെട്ടു. 58

ഹരിതൻ താനും ചൊന്നാൻ ശൂന്യനായ് ഭവിച്ചതു
കാരണം ചെയ്തേനവമന്ദനായ് മഹാമുനേ!
ചൊല്ലുവനതിനുള്ള ഹേതുവും പ്രതിഗ്രഹം
കൊള്ളുന്നതതിമാത്രം കഷ്ടമാകുന്നിതല്ലോ? 59

തന്നുടെതേജസ്സിന്നുഹാനിയെവരുത്തിടും
നിന്ദ്യമാം പ്രതിഗ്രഹഗ്രഹണം വാദമില്ല.
തന്നുടെ പുണ്യം നൽകിപ്പാപത്തെയാർജ്ജിക്കുന്നു.
നിർണ്ണയം പ്രതിഗ്രഹകാംക്ഷിയായുള്ള വിപ്രൻ 60

ഇത്തരം ചിന്താക്രാന്തമാനസനായിപ്പാര-
മാർത്തനായതുമൂലം ശൂന്യനായ്ഭവിച്ചേൻ ഞാൻ.
ദുഃഖിയുംകാമാർത്തനും ഭീതനും നിദ്രാലുവു-
മോർക്കുകിൽ ശൂന്യന്മാരാണെന്നു താനുരചെയ്‌വൂ 61

വെറുതേകോപിച്ചേവം ചൊന്നതു ഭംഗിയായി-
ല്ലറിവുള്ളോർക്കതെല്ലും യോഗ്യമല്ലിവയൊന്നും
ഹാരീതനു തന്റെ വാക്യം കേട്ടുള്ളവകതാരി
ലേറിയദുഃഖത്തോടും ചൊല്ലിനേനർജ്ജുന! ഞാൻ 62

സർവ്വവുമാലോചിച്ചു ചെയ്യേണം പ്രവൃത്തികൾ
നിർവ്വാദമല്ലെന്നാകിൽ സങ്കടമുണ്ടായീടും,
സാഹസം പ്രവർത്തിച്ചേനല്പവുമാലോചിക്കാ-
താഹന്ത, വിപ്രശ്രേഷ്ഠ! ധന്യനാം ഭവാനോടായ് 63

ദീർഘമായാലോചിച്ചു ചെയ്തീടും പുമാനേററ-
മുൽകൃഷ്ട,നതിനു ഞാൻ നല്ലൊരു കഥ ചൊല്ലാം.
ജാതനായിതുമുന്നമംഗിരസ്സിന്റെ വംശേ
ഗൗതമാത്മജനൊരു ഭൂസുരൻ ബുദ്ധിശാലി 64

ദീർഘമായ് ചിന്തിക്കാതെ നിസ്സാരകാര്യം പോലു
മക്കാലം മതിമാനാമായവൻ ചെയ്കയില്ല,
അതിനാൽ "ചിരകാരി" യെന്നവൻ തന്നെച്ചൊല്ലും
കൃതിയാമവനേറെപ്പിതൃവത്സലനല്ലോ 65

പുത്രനാം ചിരകാരിതന്നോട്ടും സദാരനാ-
മുത്തമൻ ഗൌതമാഖ്യനായിട്ടും ധരാദേവൻ
ഭൂരിമാഹാത്മ്യമോലും കൌശികീനദിയുടെ
തീരത്തിൽ സ്വമന്ദിരേ സൌഖ്യമായ് വാഴുംകാലം 66

ഒരുനാളച്ഛനെന്തോകാരണം രോഷംപൂണ്ടു
ചിരകാരിയെനോക്കിച്ചൊല്ലിനാനിപ്രകാരം;
“എന്നുടെ ഹിതംതെല്ലും നോക്കാതെസ്വതന്ത്രയായ്
നിന്നുടെ മാതാവിപ്പോൾ നന്ദന! നടക്കുന്നു 67

ചെന്നുനീയവൾതന്നെ കൊല്ലേണം മടിയാതെ
മന്നിയോഗത്തിനാലേ ദോഷമില്ലതിന്നേതും”
താതശാസനംകേട്ടു പുത്രനാം ചിരകാരി
ചേതസ്സിലാലോചിച്ചാൻ “വേണമെന്തിനി” യെന്നായ് 68

അമ്മയെക്കൊന്നീടുന്നതെങ്ങിനേ, താതൻതന്റെ
നിർമ്മലാജ്ഞയെ ഞാനിന്നെങ്ങിനെ ലംഘിക്കുന്നു?
ധർമ്മമല്ലിവരണ്ടും ചെയ്വതുനിരൂപിച്ചാൽ,
ധർമ്മഭീരുവാംഞാനിന്നെന്തഹോ ചെയ്തീടേണ്ടു. 69

പാതകമെന്നുചൊൽവൂ സ്ത്രീവധം, വിശേഷിച്ചും
മാതാവുതന്നെക്കൊന്നാൽ ചൊല്ലുവാനുണ്ടോപിന്നെ,
മാതൃഘാതകനാണുഞാനെന്നു ചൊല്ലിക്കൊണ്ടു
ഭീതരായൊളിച്ചിടും സജ്ജനമെന്നെക്കാൺകിൽ 70

താതശാസനംതീരെ ധിക്കരിച്ചീഞാനദ്യ
മാതൃരക്ഷണംചെയ്താലായതും ഗുണമല്ല-
സ്വാതന്ത്ര്യമല്പംപോലും പുത്രനില്ലച്ഛൻചൊൽവ-
തേതെന്നാലതുകേട്ടുചെയ്തുകൊൾകയേവേണ്ടു. 71

പുത്രനെന്നോതീടുന്നതച്ഛൻതൻ പ്രതിച്ഛായ
മാത്രമാണച്ഛൻതന്നെപുത്രനായ് വർത്തിക്കുന്നു.
സ്വർഗ്ഗവുമച്ഛൻതന്നേ. ധർമ്മവും പിതാവുതാ,
നോർക്കിലിപ്പുത്രന്മാർക്കു സർവ്വവും താതനത്രേ. 72

താതനെസ്സന്തോഷിപ്പിച്ചീടുകിലവന്തന്നിൽ
പ്രീതരായ് വർത്തിച്ചിടും ദേവകളഖിലരും.
നിത്യവുമാശീർവ്വാദം ദേവകൾ പിതൃപ്രീതി
ചേർത്തീടുംതനയന് നിർണ്ണയം ചെയ്യുമല്ലോ. 73

രാജീവനേത്രൻസാക്ഷാൽ ശ്രീരാമൻ ദശരഥ
രാജാവാം നിജതാതൻ കല്പിച്ചീടുകയാലേ
ന്യായമായി ലഭിക്കേണ്ടും ഭൂപാലമാന്യസ്ഥാനം
മായമെന്നിയേവിട്ടു കാനനംസമ്പ്രാപിച്ചു. 74

പതിനാലാണ്ടുകാലം രാജഭോഗങ്ങളൊന്നും
മതിയിൽ ചിന്തിക്കാതെ താപസവേഷംപൂണ്ടു
എത്രയോ കഷ്ടപ്പെട്ടു വാണതും, പിതാവിനോ-
ട്ടുള്ളതാമിങ്ങും ബഹുമാനംകൊണ്ടുതാനില്ലവാദം. 75

രാവണൻതന്നെക്കൊൽവാൻ ശക്തനായ് ഭവിച്ചതും
ദേവസഞ്ചയത്താലെ പൂജ്യനായ് ഭവിച്ചതും
പിന്നെയുംമഹീഭാരം ചെയ്തുവാഴുവാൻയോഗം
വന്നതുംപിതൃപ്രീതിചേർത്തതുകൊണ്ടുതന്നെ. 76

താതശാസനംപോലെചെയ്തീടുംതനയനു
പാതകങ്ങളെക്കൊണ്ടുലേശവും പേടിവേണ്ട.
കഷ്ടതാംകർമ്മമാണെന്നാകിലും താതൻചൊന്ന
പടിഞാൻചെയ്തീടേണമെന്നതിൽദോഷമുള്ളൂ? 77

ധർമ്മശാസ്ത്രങ്ങളെല്ലാം ചൊൽവതുതനയൻ
ശർമ്മദംപിതൃപ്രീതിചേർക്കുകെന്നതുതന്നെ
അച്ഛനെദ്ധിക്കരിക്കും പുത്രനാകുന്ന പാപി
നിശ്ചയംനരകത്തിൽ പ്രാപിക്കുമവനെന്നും 78

ആരുമില്ലച്ഛനോളം മാന്യനായ് പിതാവിൻെറ
ഗൌരവംവിചാരിച്ചാലൊട്ടുമില്ലവസാനം
ഏവമെന്നിരുന്നാലും പെററമാതാവുതന്നെ
ക്കൊൽവതിന്നീഞാനയ്യോ ശക്തനാവുകയില്ല 79

അമ്മയിൽനിന്നുതന്നേ നിർണ്ണയം ഞാനുണ്ടായി
നിർമ്മായം ശമാശമിയിനിന്നഗ്നിയെന്നതുപോലെ
പഞ്ചഭൌതികമാകുമിശ്ശരീരത്തിൻമൂലം
ചഞ്ചലമില്ലതെല്ലും മാതാവെന്നതുനൂനം 80

തള്ളയില്ലാത്തപിള്ളക്കാരൊരുഗതിയുള്ളൂ?
കള്ളമല്ലമ്മതന്നേ ശാശ്വതബന്ധുലോകേ
ആരുവാനിപ്രകാരം പുത്രനെസ്നേഹിച്ചീടാൻ
കാരുണ്യമിതുപോലെയാർക്കുമില്ലല്ലോപാർത്താൽ 81

പണ്ഡിതൻമൂഢൻ, നല്ലസുന്ദരൻ, വിരൂപവാ-
നെന്നുള്ളഭേദംകൂടാതൊപ്പമായ് പുത്രന്മാരെ
അമ്മതാൻസ്നേഹിച്ചീടും, സർവ്വദാരക്ഷിച്ചീടും
തന്മനക്കാമ്പിലൊട്ടും വൈമുഖ്യമുണ്ടാകാതെ. 82

അമ്മയുള്ളോരുകാലം സൌഖ്യവുംസന്തോഷവു-
മിമ്മന്നിലുണ്ടായീടുമല്ലെങ്കിൽ ശൂന്യംതന്നെ.
കുട്ടിയാണമ്മക്കെത്ര വൃദ്ധനായാലുംപുത്രൻ;
വെട്ടിക്കൊല്ലുകയെന്നോ കഷ്ടമെന്നമ്മയെഞാൻ 83

KRISHNA VILASAM READING ROOM

വേണ്ടതുചോദിച്ചീടാനൊക്കാതെബാലാവസ്ഥ-
പൂണ്ടെഴുംകാലത്തിങ്കലെത്രയോപണിപ്പെട്ടു
കുട്ടിതൻഹിതാഹിതം ബോധിച്ചുസർവ്വംനൽകി
ത്തുഷ്ടിയിൽവളർത്തിയതാരുവാനമ്മയല്ലേ? 84

ഏതിന്നുമവലംബം പുത്രന്നുമാതാവത്രേ
ത്രാതാവും ജഗത്തിങ്കലമ്മയാകുന്നന്യനം
അമ്മയുള്ളപ്പോളുണ്ടു സർവ്വവു,മില്ലെന്നാകി-
ലമ്മന്നിവശേഷവും ശൂന്യമായ്തോന്നുമല്ലോ. 85

പത്തുമാസവുംതന്റെ ഗർഭത്തിൽധരിക്കയാൽ
ധാത്രിയെന്നോതീടുന്നിതമ്മയെബ്ബുധലോകം
പിന്നെയുംജനിപ്പിക്കകാരണം ജനനിയായ്-
തീർന്നിതുവള്ളത്തുകമൂലമായമ്മയായി. 86

മാനിതയാകമൂലം മാതാവായ്, ശിശുവിനെ
സ്സാനന്ദം ശുശ്രൂഷിക്കകാരണം ശുശ്രൂവായി,
ധീരനാംതനയനെ പ്രസവിക്കകമൂലം
വീരസൂവെന്നും ചൊല്ലുമമ്മയാണിവയെല്ലാം. 87

സർവ്വദേവകളെക്കാൾ പൂജ്യനാകുന്നിതച്ഛൻ,
നിർവ്വാദംനിരൂപിച്ചാലമ്മയിന്നത്രയല്ല.
സർവ്വമർത്ത്യരെക്കാളും ദേവകൾ തമ്മെക്കാളും
സർവ്വഥാപൂജിക്കേണ്ടുംപ്രത്യക്ഷശരിതന്നേ, 88

ഗർഭത്തിൽധരിക്കയും ക്ലേശിച്ചുപ്രസവിച്ചി-
ട്ടർഭകൻതന്നെനിത്യംലാളിച്ചു രക്ഷിക്കയും
ചെയ്തീടുമമ്മയ്ക്കൊപ്പമാകേണ്ടുമഹത്വമി-
ബ്ഭൂതലത്തിങ്കലാർക്കാലമ്മതാനല്ലോമുഖ്യം 89

ഗുരുഭൂതന്മാരാകുമന്യരെയുപേക്ഷിക്കാ-
മൊരുകാലത്തുമൊക്കില്ലമ്മയെയുപേക്ഷിപ്പാൻ
ആദ്യമായ് പുറപ്പെട്ടും ശബ്ദവുമമ്മയെന്നാ-
ണിദ്ദേഹം മുഴുവനുമമ്മതന്നധീനം താൻ

ഇത്തരം വിചാരിച്ചു കൌശികീതീരത്തിങ്ക-
ലസ്ത്രപാണിയായ് തന്റെ മാതാവിൻ സവിധത്തിൽ
നിന്നീടും ചിരകാരിബ്രാഹ്മണൻ തന്റെ ചിന്ത-
ക്കന്നവനവസാനമെത്തുമേ കണ്ടതില്ല.

അപ്പൊഴുതിന്ദ്രൻ താനും ബ്രാഹ്മണവേഷം പൂണ്ടു
തല്ലിതാപായീട്ടുന്ന ഗൌതമൻ തന്നെക്കണ്ടാൻ
“കോപമെന്നതുതെല്ലും നന്നല്ല വിദ്വാന്മാൎക്കു,
താപകാരണമല്ലൊ ദൂരവേ വൎജ്ജിക്കേണം.

ദോഷമുള്ളതുതെല്ലും ചിന്തിച്ചീടരുതല്ലോ
രോഷമുണ്ടായതൊട്ടും നന്നായില്ലയി! ധീമൻ!”
ഇത്തരം വിപ്രവാക്യം ഗൌതമൻ കേട്ടനേരം
സത്വരമദ്ദേഹത്തെസ്സാദരം യാത്രയാക്കി

ഖിന്നനായ് വിചാരിച്ചാൻ “കഷ്ടമേ ചിരകാരി
നന്ദനൻ മമവാക്കാൽ കൊന്നിതോ ദാരങ്ങളെ
പാതകമായീടുന്നിസ്ത്രീവധം ചെയ്യിപ്പിപ്പാൻ
ചേതസിനമുക്കെന്തു തോന്നുവാനിതുകാലം

നന്ദനൻ ചിരകാരി സത്യതല്പരൻ ക്ഷിപ്ര
മൊന്നുമേ ചെയ്കയില്ല, വേണ്ടപോൽ ചിന്തിക്കാതെ,
മോഹാന്ധനായീടുന്ന വൃദ്ധനാമെന്നെപ്പോലെ
സാഹസിയല്ലതെല്ലുമായവൻ ബുദ്ധിശാലി

പാതകഗ്രസ്തനായോരെന്നെയും സുശീലയാം
മാതാവിനേയും നീതാൻകാത്തുകൊള്ളുകപുത്ര!
ഇത്തരംചൊല്ലിക്കൊണ്ടും കണ്ണുനീർവാർത്തുകൊണ്ടും
സത്വരമണഞ്ഞിതുഗൌതമൻ പുത്രപാർശ്വം,

ഖിന്നനായ് വന്നീടുന്നതാതനെക്കണ്ടനേരം
നന്ദനൻചിരകാരിഭീതനായതിവേഗം
തന്നുടെകയ്യിലുള്ളോരായുധംദൂരത്തിട്ടു
മാന്യനാംപിതാവിനെസ്സാഷ്ടാംഗംനമിച്ചിതു

"ആയുധംകൈയിൽകണ്ടാൽകോപിക്കും പിതാവെന്നോ-
ർത്തായിരിക്കുമെൻ പുത്രൻ തൽക്ഷണമതു വിട്ടു
ഭീതനായ് താതൻതന്നെക്കവണങ്ങുന്നതെ"ന്നായ്
ചേതസിവിചാരിച്ചാളമ്മയാം ബ്രാഹ്മണസ്ത്രീ

തന്നെക്കൊൽവതിനച്ഛൻ ചൊൽകയാൽ മകനിങ്ങു-
വന്നതെന്നുള്ളതൊന്നുമായവളറിഞ്ഞീല,
ജീവിച്ചു വാണീടുന്ന ധർമ്മദാരങ്ങളെക്ക-
ണ്ടാവിരാനന്ദം പൂണ്ടു ഗൌതമൻ കൈകളാലെ.

പുത്രനെഗ്ഗാഢം ഗാഢമാശ്ലേഷി"ച്ചായുഷ്മാനാ-
യെത്രയും കീർത്തിമാനായ് തീരുകെ"ന്നുരചെയ്താൻ
"മംഗളം ഭവിച്ചീടും നന്ദന! നിനക്കെന്നു"
മിങ്ങിനെ വിചാരിച്ചു വേണ്ടതു ചെയ്യുമൂലം

ചിരമായാലോചിക്കാതൊന്നുമെ ചെയ്തീടൊല്ലാ,
വരികില്ലാപത്തെന്നാൽ, ദുഃഖവുമുണ്ടായിടാ
മന്ത്രോപാസന ചെയ്‌വാനേററവും ചിന്തിക്കേണം,
ചിന്തകൂടാതെയൊന്നും സ്വീകരിക്കരുതല്ലോ,

വളരെക്കാലം കൊണ്ടേ വിദ്യയെപ്പഠിക്കാവൂ,
പലനാൾ ചിന്തിച്ചിടാതാരെയും സ്നേഹിക്കൊല്ല.
രോഗനിർണ്ണയത്തിന്നു, മാഗ്രഹം സാധിപ്പാൻ,
മാഗസ്സു ചേർത്തീടുന്ന പാപങ്ങൾ ചെയ്തീടാൻ 102

അപ്രിയമാക്കെന്നാലും രചപ്പാനും വളരെ നാ-
ളുകൾപ്പുവിലാലോചിക്കും പുരുഷൻ ധന്യനല്ലോ
ഭാര്യയും ഭൃത്യന്മാരും ബന്ധുമിത്രങ്ങളെന്ന-
ല്ലാരുതാനൊരുകുററം തന്നോടു ചെയ്യെന്നാലും 103

പാരമായ് തെളിഞ്ഞീടുംവരെയും ചിരകാരി-
പുരുഷനതെല്ലാം ചിന്തിച്ചീടുകയില്ല.
കർമ്മങ്ങളേതും ചെയ്‌വാനാലോചിക്കുകവേണം
ധർമ്മവും വഴിപോലെ ചിന്തിച്ചേ ചെയ്തിടാവൂ. 104

ഒന്നുമേ ചെയ്തീടൊല്ല പെട്ടന്നു, വളരെനാ-
ളന്വേഷിച്ചതിന്നുശേഷം കൈക്കൊള്ളാം ഹിതംപോലെ
ബന്ധുവാരെന്നും പിന്നെശ്ശത്രുവാരെന്നുമുള്ളിൽ
ചിന്തിപ്പാനേറെക്കാലം പഴകീടുകവേണം, 105

ചിരമായാലോചിച്ചു ചെയ്യേണമിവയെല്ലാം,
ചിരചിന്തനമെന്യേ ചെയ്തീടേണ്ടതു ചൊല്ലാം.
അസ്ത്രവും കൈയിലേന്തിക്കൊല്ലുവാൻ വൈരിനേരി-
ട്ടെത്തുമ്പോളെത്തുകവാനാലോചിപ്പതിനില്ല. 106

മന്ദിരത്തിങ്കൽ പാരം മാന്യനാമതിഥിതാൻ
വന്നീടുമ്പൊഴുതൊന്നും ദീർഘമായ് ചിന്തിക്കാതെ
വേണ്ടതുചെയ്തീടേണം ഞാനിച്ചൊന്നതു സർവ്വം
കണ്ടതയെന്യേകേട്ടു ചെയ്താലുമിതുപോലെ, 107

പാപമാം മാതൃവധം ചെയ്യുവാൻ നിന്നോടീ ഞാൻ
കോപമുണ്ടാകയാലേ ചൊല്ലിനേനയി വത്സ!
പെട്ടെന്നു കോപാക്രാന്തനാകിയ മമ വാക്യം
കേട്ടു നീയതുപോലെ തൽക്ഷണം ചെയ്യിടാതെ 10

ദീർഘമായാലോചിച്ചു വാഴ്കയാൽ ധർമ്മഭ്രംശ-
മേൽക്കാതെയെനിക്കുമെൻ പുത്രനും വാഴമാറായ്
രോഷവും പെട്ടെന്നുണ്ടാം വൃദ്ധന്മാർക്കതുകൊണ്ടു
ദോഷവും പലമട്ടു സംഭവിച്ചീടുമല്ലോ. 109

ധർമ്മവുമധർമ്മവും കോപത്താൽ ചിന്തിക്കാതെ
തന്മനസ്സിങ്കൽതോന്നും പോലവേ ചൊല്ലുമപ്പോൾ
ഇന്നതു കാര്യമെന്നും കാര്യമല്ലിന്നതെന്നും
തന്നത്താൻ വിചാരിച്ചു ചെയ്യുവൻ സൽപുത്രനാം. 11

സൽഗ്ഗതി പിതാക്കന്മാർക്കുണ്ടാക്കും സൽപ്പുത്രന്മാർ,
ദുർഗ്ഗതിക്കെല്ലാം മൂലം ദുഷ്പുത്രരായിടുന്നു.
പരിപാവനമായ നമ്മുടെ വംശത്തിങ്കൽ
ദുരിതം ചെയ്തിടുന്നോരാരുമുണ്ടായതില്ല. 111

അന്തണനേകൻ ഞാനോ മുന്നമേ കണ്ടീടാത്ത
ശാന്തമാനസൻ ബ്രഹ്മവർച്ചസ്സു ശോഭിപ്പവൻ
എന്നുടെ നിയോഗത്തെക്കേട്ടു നീയിങ്ങോട്ടേക്കു
പോന്നതിന്നനന്തരം മന്ദിരത്തിങ്കൽ വന്നാൻ. 112

"കോപത്തെക്കളയേണം സ്ത്രീവധം മഹത്താകു-
മാപത്തിൻ നിദാനമാണായതു ചെയ്തീടായ്ക
പുത്രനോടിപ്പോൾ ചൊന്നതൊട്ടുമേ നന്നായില്ലേ"
ന്നിത്തരം സാരമുള്ളീയശ്ലേഷമുരചെയ്തു. 113

അമ്മഹാനടെവാക്യം കേൾക്കയാൽകോപംകൊണ്ടു
ദുർമ്മനസ്സാർന്നഞാനുമപ്പോഴെ ശാന്തനായി.
വന്നിതു വിവേകവും തൽക്ഷണംസത്തുക്കളോ
ടൊന്നിടും സമാഗമംസുഖസാധനമല്ലൊ. 114

നിന്നെയുമന്വേഷിച്ചു പോന്നേൻഞാനിവിടേക്കു
ധന്യനായ്ഭവിച്ചിതു നിന്നാലേമമസൂനോ!
മാതൃരക്ഷണത്തോളം പുണ്യമായൊന്നുമില്ല
മാതൃകാസൽപുത്രനായ് വാഴ്കചിരകാലം. 115

ഗൌരവംകൊണ്ടുഞാനുമമ്മയും നിനക്കൊക്കും
സാരജ്ഞനാകുംനീതാനാശ്രയംഞങ്ങൾക്കെന്നും
ചിരമായാലോചിച്ചുചെയ്തീടുന്നതുകൊണ്ടു
ചിരകാരിയാംതവനാമവനാർത്ഥമായി 116

എന്നെയുമമ്മയേയും പ്രത്യഹംസംരക്ഷിച്ചി
ട്ടനഘയാലങ്കാരമായ് വർത്തിച്ചീടുകനീയും"
ഇത്തരമുരചെയ്തു പുത്രനും ദാരങ്ങളു-
മൊത്തുടനാശ്രമമെത്തി ഗൌതമൻസമ്പ്രാപിച്ചാൻ 117

പിന്നെയുമേറെക്കാലം സൌഖ്യമായ്വസിച്ചവ-
രിന്ദ്രലോകത്തെപ്പുക്കാർ ഭൂസുരകുലോത്തമ!
ഏവനുമാലോചിക്കാതൊന്നുമേ ചെയ്തുകൂടാ
കൈവരുമെനിക്കെന്നപോലവേപശ്ചാത്താപം 118

വളരെച്ചിന്തിക്കാതെ ഞാനഹോചെയ്തശാപം
കലികാലത്തിൽമാത്രം നിങ്ങൾക്കു ഫലിച്ചീടും.
എന്നാലുമക്കാലത്തും ബ്രാഹ്മണർ ചിലരെല്ലാം
വന്ദ്യരായ് ഭവിച്ചീടും ഗുണസമ്പൂർണ്ണന്മാരായ്. 119

ക്ഷിപ്രകാരിയാമെൻറശാപത്താലല്പംപോലു
മപ്രിയംതോന്നിടാതെവിപ്രരേ! പ്രസാദിപ്പിൻ-
ഇത്തരമുരചെയ്തു ഫൽഗുന! ഞാനും വിപ്ര
സത്തമന്മാരെയെല്ലാം കാൽകഴുകിച്ചേനല്ലോ. 120

ധർമ്മവർമ്മാവു ഭൂപൻ നൽകിയ സമ്പത്തെല്ലാം
ബ്രാഹ്മണർക്കേകിനേൻ ഞാൻ ദേവകൾ കണ്ടു നിൽക്കേ
ഭൂഷണങ്ങളും നല്ല വസ്ത്രവും ഗൃഹങ്ങളും
ഭൂഷണാംഗികളായ ഭാര്യമാരേയും പിന്നെ 121

ധനധാന്യങ്ങൾ മററും പിന്നെയും പിന്നെയും ഞാൻ
വിനകൂടാതെ നൽകി തൃപ്തരാക്കിനേനല്ലോ.
എന്നുടെ ദാനം കണ്ടു നിന്നീടും സുരാധീശ-
നന്നേരം സസന്തോഷം കൈപൊക്കിയേവം ചൊന്നാൻ. 122

"ബ്രാഹ്മണശ്രേഷ്ഠന്മാരേ! നിങ്ങളൊക്കെയും കേൾപ്പിൻ
നിർമ്മായമീഞാൻ ചൊല്ലും വാക്കുകളെല്ലാമപ്പോൾ.
പാർവ്വതീശിവന്മാരും സൂര്യാദിഗ്രഹങ്ങളും
ഗീർവ്വാണന്മാരായുള്ള ഞങ്ങളും ഗണേശനും 123

ഈരേഴുലോകങ്ങളുമുള്ള കാലത്തും ഹാനി-
ചേരാതിസ്ഥലമേററം പുണ്യമായ് ശോഭിച്ചീടും
നാരദൻ സ്ഥാപിച്ചോരിപ്പുണ്യഭൂമിയിൽ വന്നി
ട്ടാരഹോ മഹീതീർത്ഥസ്നാനത്തെച്ചെയ്തീടുന്നു. 124

ശിവകോപത്തിനാലും ബ്രാഹ്മണ ശാപത്താലു-
മവനുലേശംപോലും വിഘ്നമുണ്ടാകയില്ല.
കോപകാമാദിയെല്ലാം വിട്ടവൻ പുണ്യാത്മാവായ്
പ്രാപിക്കും ശിവലോകമില്ല സംശയമേതും 125

ദേവേന്ദ്രവാക്യം പാരം സർവ്വരും പ്രശംസിച്ചി-
ട്ടേവരുമവിടത്തിൽ ടസൗഖ്യമായ് തന്നെ വാണാർ
വിപ്രപുംഗവന്മാരെ ഞാനേവം സ്ഥാപിച്ചുള്ളോ
രപ്പ്രദേശത്തിനേയും കപിലൻ മഹാമുനി 126

ബ്രാഹ്മണസ്ഥാപനത്തെച്ചെയ്തുള്ളോരക്കാപിലമാം
നിർമ്മലതലത്തേയും കാൺകയാലന്നേരം
ഇന്ദ്രാദിദേവന്മാരുമേററവും സന്തോഷിച്ചു
പിന്നെപ്പോയ് സുരലോകം പ്രാപിച്ചാൻ ധനഞ്ജയ"। 127

ശുഭം.

SREEKRISHNAVILASAM ... MALAYINKEEL

രണ്ടു

# പൌരാണിക കഥകൾ.

———:o:———

(സ്കാന്ദമഹാപുരാണത്തിൽ നിന്നും എടുത്തതു്.)

ഗ്രന്ഥകർത്താ

ഒടുവിൽ ശങ്കരൻകുട്ടിമേനോൻ.

പ്രകാശകൻ

തോമസ് പോൾ ബി. എ.

വിദ്യാവിലാസം പ്രസിദ്ധീകരണശാല,

തിരുവനന്തപുരം.

———o———

പകർപ്പവകാശം ഗ്രന്ഥകർത്താവിന്.

"ശ്രീധര മുദ്രാലയം,"

തിരുവനന്തപുരം.

1098.

E270A
E270A
1098